(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി2/1738/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

സിവിൽ സ്റ്റേഷൻ, കോഴിക്കോട്

ഫോൺ-0495 2371012

ഇ-മെയിൽ:dokkd.ksad@kerala.gov.in

തീയതി:06.11.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)

പുതുപ്പാടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുതുപ്പാടിഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി2/1738/19 തിയതി:06.11.2019

# <u>കോഴിക്കോട് ജില്ലയിലെ പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

കോഴിക്കോട് ജില്ലയിലെ പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 23.03.2019 മുതൽ 23.08.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

| <u>എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u> | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.വാസുദേവൻ.എം.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 26.09.2019 മുതൽ 05.10.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | കെ.പി. ഹരി,<br>ഓഡിറ്റ് ഓഫീസർ . |
| | ധീരജ്. ജെ,<br>അസി.ഓഡിറ്റ് ഓഫീസർ. |
| | ജിഷസാമുവൽ,<br>അസി.ഓഡിറ്റ് ഓഫീസർ |
| | അബ്ദുൾ നസീർ.ടി.പി,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ. |
| | വിജേഷ്.കെ.വി,<br>ഓഡിറ്റർ. |

**(ബി)നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | നന്ദകുമാർ.കെ.കെ | 01-04-2018 മുതൽ 30-04-2018 വരെ |
| | കുട്ടിയമ്മ മാണി ചാർജ് | 01-05-2018 മുതൽ 27-05-2018 വരെയും, 16-02-2019 മുതൽ 05-03-2019വരെയും |
| | അംബിക മംഗലത്ത് | 28-05-2018 മുതൽ 15-02-2019 വരെ |
| | രാകേഷ്.പി.ആർ | 06-03-2019 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ബിബിൻ ജോസഫ് | 01.04.2018 മുതൽ 19.06.2018 വരെ |
| | സുരേഷ്കുമാർ.കെ | 22.06.2018 മുതൽ 31.03.2019 വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ. | വിനു ചന്ദ്രബോസ് | 01.04.2018 മുതൽ 31.03.2019 വരെ |
| അസി.സെക്രട്ടറി. | രാജൻ.പി.പി | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്റിനറി സർജൻ. | പി.കെ. ശിഹാബുദ്ദീൻ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ. (പി.എച്ച്.സി) | ഡോ.കെ.വേണുഗോപാലൻ | 01.04.2018 മുതൽ 02.12.2018 വരെ ചുമതല |
| | ഡോ.ദീപ | 03-12-2018 മുതൽ 31-03-2019 വരെ ചുമതല |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ.മിനു ചാക്കോ | 01.04.2018 മുതൽ 31.03.2019 വരെ |
| അസി.എഞ്ചിനീയർ. | ആദർശ് | 01.04.2018 മുതൽ 23.11.2018 വരെ |
| | അഖില ഉണ്ണികൃഷ്ണൻ (അസി.എഞ്ചിനീയർ, താമരശ്ശേരി) (അഡീഷണൽ ചാർജ്) | 24-11-2018 മുതൽ 13-03-2019 വരെ |
| | നളിൻ കുമാർ. സി.ബി | 14-03-2019 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.സുമയ്യ.ടി | 01-04-2018 മുതൽ 31-03-2019 വരെ |
| ഐസി.ഡി.എസ് | | |

| | | |
|---|---|---|
| [illegible] സൂപ്പർവൈസർ. | സി.വി.ശാന്തമ്മ | 01-04-2018 മുതൽ 31-05-2018 വരെ |
| | ദേവി | 01.06.2018 മുതൽ 22.07.2018 വരെ |
| | ജമീല | 23.07.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ | ഉനൈസ് അലി സി.പി | 01.04.2018 മുതൽ 31.03.2019 വരെ |
| | അബ്ദുൾ ജലീൽ പി.പി. | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മാസ്റ്റർ. | അബ്ദുറഹിമാൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറിഎക്സ്റ്റൻഷൻ ഓഫീസർ | രമേഷ്.എൻ. | 01.04.2018 മുതൽ 13.07.2018 വരെ |
| | റെജിമോൾ | 14.07.18 മുതൽ 31.03.2019 വരെ |

**<u>ഉള്ളടക്കം</u>**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഓഡിറ്റ് റിപ്പോർട്ട്** | |
| 1 | ബജറ്റ് | 1-1 |
| 2 | സാമ്പത്തിക വിശകലനം | 1-2 |
| 3 | ഫണ്ട് വിനിയോഗം | 1-3 |
| 4 | പദ്ധതി അവലോകനം | 1-4 |
| 5 | ക്ഷേമപദ്ധതികൾ | 1-5 |
| 6 | ക്യാഷ് പരിശോധന | 1-6 |
| 7 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-7 |
| 8 | വാർഷിക കണക്കിലെ അപാകതകൾ | 1-8 |
| 9 | തൊഴിൽ നികതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് ഉറപ്പു വരുത്തിയിട്ടില്ല | 1-9 |
| 10 | ലൈസൻസ് - അപാകതകൾ | 1-10 |
| 11 | ഔട്ട് ഡോർ പിരിവ് - പരിശോധന കാര്യക്ഷമമല്ല | 1-11 |
| | | |

| | | |
|---|---|---|
| 12 | ലേലം - അപാകതകൾ | 1-12 |
| 13 | വാട്ടർ ചാർജ് ഈടാക്കുന്നതിലെ അപാകതകൾ | 1-13 |
| 14 | വാടക കെട്ടിടങ്ങൾ സംബന്ധിച്ച അപാകതകൾ | 1-14 |
| 15 | വസ്തുനികുതി - കണക്കാക്കിയതിലെ അപാകതകൾ | 1-15 |
| 16 | സെക്രട്ടറി നടപ്പാക്കിയ വിവിധ പദ്ധതികളുടെ പൂർത്തീകരണ വിവരങ്ങൾ | 1-16 |
| 17 | നിർവഹണ ഉദ്യോഗസ്ഥന്റെ ചെലവ് പത്രിക പ്രകാരമുള്ള ചെലവിന്റെ രേഖകൾ ലഭ്യമാക്കിയില്ല. | 1-17 |
| 18 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം - വിവരം പൂർണ്ണമല്ല. | 1-18 |
| 19 | ഭൂരഹിത ഭവനരഹിതരായിട്ടും 'ലൈഫ് ' പട്ടികയിൽ ഉൾപ്പെടുത്താൻ സാധിക്കാത്തത് സംബന്ധിച്ച് | 1-19 |
| 20 | ആയുർവ്വേദ ആശുപത്രി മരുന്ന് വാങ്ങൽ പദ്ധതി - മരുന്നുകൾ മുഴുവൻ ലഭിച്ചിട്ടില്ല. | 1-20 |
| 21 | സ്നേഹസ്പർശം സൊസൈറ്റിക്ക് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം, കൈപ്പറ്റ് ഹാജരാക്കിയില്ല. | 1-21 |
| 22 | വെറ്റിനറി ഓഫീസർ - കർഷകർക്ക് ധാതുലവണ മിശ്രിതം നൽകൽ പദ്ധതി നടത്തിപ്പിൽ കണ്ട ന്യൂനതകൾ | 1-22 |
| 23 | പെയിൻ & പാലിയേറ്റീവ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും ലഭ്യമാക്കിയിട്ടില്ല | 1-23 |
| 24 | കോസ്റ്റ് ഇൻഡക്സിലുണ്ടായ മാറ്റം കണക്കിലെടുക്കാതെ പ്രവൃത്തികൾ നടപ്പാക്കി. | 1-24 |
| 25 | ഒരേ റോഡ് പ്രവർത്തനങ്ങൾക്ക് ഒന്നിലധികം പദ്ധതികൾ | 1-25 |
| 26 | മൂന്നു പദ്ധതി ആവിഷ്കരിച്ചിട്ടും നിർമ്മാണം പൂർത്തിയായില്ല | 1-26 |
| 27 | സമയബന്ധിതമായി പദ്ധതി നടപ്പാക്കാത്തതിനാൽ സർക്കാർ ഫണ്ടുകൾ നഷ്ടപ്പെടുന്നു. | 1-27 |
| 28 | 'കാരുണ്യ' ഭവന പദ്ധതി പൂർത്തീകരിച്ച ഗുണഭോക്താക്കൾക്ക് വാഗ്ദാനം ചെയ്ത തുക മുഴുവൻ നൽകിയിട്ടില്ല. | 1-28 |
| 29 | കാരുണ്യ ഭവന പദ്ധതി വായ്പ – തിരിച്ചടവിൽ അപാകത | 1-29 |
| 30 | സംയുക്ത പ്രോജക്ടുകൾ - ചെലവഴിക്കാത്ത തുക തിരികെ നൽകിയില്ല | 1-30 |
| 31 | വീടുകളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കൽ - പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ | 1-31 |
| 32 | എസ്.എസ്.എ – പദ്ധതി അപാകതകൾ | 1-32 |
| 33 | ബഡ്സ് സ്കൂളിലെ കുട്ടികൾക്ക് അനുപൂരക പോഷകാഹാരം നൽകൽ - ഭക്ഷണ സാധനങ്ങൾ സ്റ്റോക്കിൽ ഉൾപ്പെടുത്തിയില്ല | 1-33 |
| 34 | കൃഷിഭവൻ - കുടിവെള്ളം ലഭ്യമാക്കൽ - പൂർത്തീകരണ വിവരം ലഭ്യമല്ല | 1-34 |
| | | |

| | | |
|---|---|---|
| 35 | ബഡ്സ് സ്കൂൾ സാധനങ്ങൾ വാങ്ങൽ - പദ്ധതി നടപ്പാക്കിയതിലെ പോരായ്മകൾ | 1-35 |
| 36 | ഗ്രാമപഞ്ചായത്തിന്റെ അറിവോ, അനുമതിയോ ഇല്ലാതെ കെട്ടിട നിർമ്മാണം നടത്തുന്നു. | 1-36 |
| | ഭാഗം - 2 | |
| | **വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 37 | ഇല്ല | 2-1 |
| | ഭാഗം - 3 | |
| | **ചെലവ് - വ്യക്തമായ നഷ്ടം പ്രദിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 38 | കൃഷിഭവൻ - കുടിവെള്ളം ലഭ്യമാക്കൽ - പൂർത്തീകരണ വിവരം ലഭ്യമല്ല | 3-1 |
| | ഭാഗം - 4<br>**പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 39 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 40 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 41 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 42 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 43 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 44 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 45 | ഓഡിറ്റ് റിക്കവറി | 4-7 |
| 46 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 47 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 48 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 49 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 50 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം - 1 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

ഭരണ സമിതിയുടെ 21/03/2018 തീയതിയിലെ 1/2018 നമ്പർ തീരുമാന പ്രകാരം 2018-19

വർഷത്തെ ബജറ്റ് അംഗീകരിച്ചു. (ഭേദഗതി ബജറ്റ് തീരുമാനം 01/19 തീയ്യതി 22-02-2019)

## 1-2 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7658041 |
| വരവ് | 140781522 |
| ആകെ | 148439563 |
| ചെലവ് | 112907947 |
| നീക്കിയിരിപ്പ് | 35531616 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 27553000 | 27553000 | 27332718 | 220282 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 10027000 | 10027000 | 8499117 | 1527883 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 1386000 | 1386000 | 1314052 | 71948 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 14626000 | 14626000 | 14603917 | 22083 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 5618000 | 5618000 | 5415897 | 202103 |
| 13ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 12788000 | 12788000 | 12779603 | 8397 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 0 | 20000 | 20000 | 0 | 20000 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് (തൊഴിലാളികളുടെ കൂലി) | 0 | unskilled-23330489<br>semi-38550<br>material-389600 | 23758639 | 23758639 | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് (ഭരണചെലവ്) | 15398 | 487000 | 502398 | 477261 | 25137 |
| സാക്ഷരത | 108093 | 26658 | 134751 | 12 | 134739 |
| സാനിറ്റേഷൻ | 0 | 1000000 | 1000000 | 0 | 1000000 |

| | | | | | |
|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഐ.സി.ഡി.എസ്) | 998238 | 795000 | 1793238 | 1402496 | 390742 |
| എം.പി ഫണ്ട് | 217721 | 259792 | 477513 | 250000 | 225713 |
| ജോയിന്റ് വെഞ്ചർ (ബ്ലോക്ക് പഞ്ചായത്ത്) | 950000 | 5609918 | 6559918 | 5742000 | 817918 |
| ജോയിന്റ് വെഞ്ചർ (ജില്ലാ പഞ്ചായത്ത്) | 0 | 4144548 | 4144548 | 3459829 | 684719 |
| ബി ഫണ്ട് | 0 | 59053000 | 59053000 | 59053000 | 0 |
| തനത് ഫണ്ട് ട്രഷറി അക്കൗണ്ട് | 609974 | 32771431 | 33381405 | 15290587 | 18090818 |

# 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 305 | 16,83,32,497 | 258 | 9,52,42,528 | 6 | 41 | 84.59 |

സർക്കാർ ഉത്തരവ് നമ്പർ 11/2018/ത.സ്വ.ഭ.വ, തിയ്യതി:29.01.2018 പ്രകാരം പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. ഇതിൽ വർക്കിംഗ് ഗ്രൂപ്പുകൾ, വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ, ഭരണസമിതി എന്നിവയുടെ ചുമതലകളും, വാർഷിക പദ്ധതി രൂപീകരണത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കേണ്ടതിന്റെ ആവശ്യകതയും വിവരിക്കുന്നു. പുതുപ്പാടി പഞ്ചായത്തിലെ പദ്ധതിയാസൂത്രണ, നിർവ്വഹണ നടപടികൾ പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായും, കൃത്യമായ/ഫലവത്തായ ആസൂത്രണനടപടികൾ ഇല്ലാതെയുമാണ് വാർഷിക പദ്ധതി തയ്യാറാക്കുന്നതെന്നും, തയ്യാറാക്കുന്ന പദ്ധതികളുടെ നിർവ്വഹണത്തിൽ സമയക്രമം പാലിക്കുന്നില്ലയെന്നും കാണുന്നു. 26.03.2018 ലെ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിയുടെ 53063/2018/DPC/KKD നമ്പർ ഉത്തരവ് പ്രകാരം പുതുപ്പാടി പഞ്ചായത്തിന്റെ ആദ്യ വാർഷിക പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചു. പിന്നീട് വിവിധ ഭേദഗതികളിലൂടെ പല പദ്ധതികളും ഒഴിവാക്കുകയും, പുതിയ പദ്ധതികൾ ഉൾപ്പെടുത്തുകയും ചെയ്തു.

വിവിധ തിയ്യതികളിലെ ഭരണസമിതി യോഗ തീരുമാനങ്ങൾ പരിശോധിച്ചാൽ, പല പ്രോജക്ടുകളുടെ ഭേദഗതികളും, ഒഴിവാക്കലും, പുതിയവ ഉൾപ്പെടുത്തലും മേൽ സർക്കാർ ഉത്തരവിൽ പ്രതിപാദിക്കുന്ന വാർഷിക പദ്ധതി രൂപീകരണത്തിലെ നടപടികൾ/ഘട്ടങ്ങൾ കൃത്യമായി പാലിക്കാത്തതിനാൽ ഉണ്ടാകുന്നതാണെന്ന് കാണാം. ചില ഭരണസമിതി തീരുമാനങ്ങളുടെ

വിശദാംശങ്ങൾ ഉദാഹരണങ്ങളായി താഴെ ചേർക്കുന്നു.

| തീരുമാന തിയ്യതി, നമ്പർ | തീരുമാനം |
|---|---|
| 7.7.18 ലെ നം. 29(1)/18 | മെയിന്റനൻസ് റോഡ് ഫണ്ട് അടങ്കലോടെ വകയിരുത്തിയ 69,76,000/- രൂപയുടെ 33 പ്രോജക്ടുകൾ, പ്രസ്തുത ഫണ്ട് വിനിയോഗിച്ച് നടപ്പാക്കാൻ സാധിക്കില്ലയെന്ന അസിസ്റ്റന്റ് എഞ്ചിനീയറുടെ അറിയിപ്പിനാൽ ഒഴിവാക്കാനും, പകരം 28 പുതിയ പ്രോജക്ടുകൾ ഉൾപ്പെടുത്താനും തീരുമാനമെടുത്തു. |
| 11.7.18 ലെ നം. 30(1)/18 | 2017-18 വാർഷിക പദ്ധതിയിൽ വാങ്ങിയ സ്ഥലത്ത് ഹോമിയോ ഡിസ്പെൻസറി കെട്ടിടം നിർമ്മിച്ചില്ലെങ്കിൽ ആയത് പാഴ്ചെലവാകുമെന്നും, മറ്റു രണ്ടു പദ്ധതികൾക്ക് വകയിരുത്തിയ തുക അപര്യാപ്തമാണെന്ന വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിർദ്ദേശം ഉൾക്കൊണ്ട് പ്രസ്തുത പദ്ധതികൾ ഒഴിവാക്കി ഹോമിയോ ഡിസ്പെൻസറിയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കാനും തീരുമാനിച്ചു. |
| 4.8.18 ലെ നം. 32(3)/18 | എലിക്കാട് ആനക്കുഴിക്കൽ റോഡ് നിർമ്മാണം പദ്ധതിയ്ക്ക് സ്ഥലം ലഭ്യമല്ലാത്തതിനാൽ ഒഴിവാക്കാൻ തീരുമാനിച്ചു. |
| 16.10.18 ലെ നം.2/39(2)/18 | അംഗൻവാടികളിൽ മോട്ടോർ സ്ഥാപിച്ച് കുടിവെള്ളം ലഭ്യമാക്കാനായി വിഭാവനം ചെയ്ത അഞ്ചു വിവിധ പ്രോജക്ടുകൾ അംഗൻവാടികളിൽ കിണറില്ലാത്തതിനാൽ ഒഴിവാക്കാൻ തീരുമാനിച്ചു. ഇതേ തീരുമാനത്തിൽ ഒരു കുടിവെള്ള പദ്ധതി സ്ഥലം ലഭ്യമല്ലാത്തതിനാൽ ഒഴിവാക്കി. |

മേൽ ഉദാഹരണങ്ങളിൽ നിന്നും വാർഷിക പദ്ധതി രൂപീകരിക്കുമ്പോൾ മുൻഗണനാടിസ്ഥാനത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നില്ലയെന്നും, അവസ്ഥാരേഖയുടെ അടിസ്ഥാനത്തിലല്ല അഥവാ അപൂർണ്ണമായ അവസ്ഥാരേഖയുടെ അടിസ്ഥാനത്തിലാണ് പദ്ധതികൾ വിഭാവനം ചെയ്യുന്നതെന്നും വ്യക്തമാണ്. കൂടാതെ ഓരോ പദ്ധതിയ്ക്കും ആവശ്യമായ സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്തുന്നതിനും, പദ്ധതിയടങ്കൽ തീരുമാനിക്കുന്നതിലും സ്റ്റാന്റിംഗ് കമ്മിറ്റികൾ പരാജയപ്പെടുന്നതും ഇതിൽ നിന്നും വ്യക്തമാണ്. ഈ റിപ്പോർട്ടിലെ തുടർന്നുള്ള ഖണ്ഡികകളിൽ വിവരിക്കുന്ന തരത്തിൽ ഒരേ റോഡു പ്രവർത്തികൾക്ക്

ഒന്നിലധികം പദ്ധതികൾ തയ്യാറാക്കേണ്ടി വന്നതും, നിർമ്മാണ പ്രവർത്തികൾ പൂർണ്ണമായി തയ്യാറാക്കാതെ വിവിധ പ്രോജക്ടുകളായി തയ്യാറാക്കിയതും സർക്കാർ നിർദ്ദേശിച്ച നടപടികളുടെ നിർവ്വഹണത്തിലെ അപാകതകളിലേയ്ക്ക് വിരൽ ചൂണ്ടുന്നു.

# 1-5 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 133200 | 128 |
| കർഷകതൊഴിലാളി പെൻഷൻ | 8979200 | 2326 |
| വിധവാപെൻഷൻ | 23218400 | 5476 |
| വാർദ്ധക്യകാലപെൻഷൻ | 20593600 | 4806 |
| വികലാംഗപെൻഷൻ | 5529600 | 1298 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 264000 | 61 |
| വിവാഹ ധനസഹായം | 300000 | 10 |

# 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.09.19 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7801 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം. തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28-01-2019 | 01/12/2018 മുതൽ 31.2.2019 വരെ | വിവരം ലഭ്യമല്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28-01-2017 | 2011-12 മുതൽ 2015-16 വരെ | എൽ.ബി.എ(എച്ച്.ക്യൂ) VI/8A-2563 തീ.09-03-2017 |

# 1-8 വാർഷിക കണക്കിലെ അപാകതകൾ

1. ആസ്തി രജിസ്റ്റർ ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുകയോ 31.03.2019 വരെ സൃഷ്ടിക്കപ്പെട്ട എല്ലാ ആസ്തികളുടേയും മൂല്യം സാംഖ്യയിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2. ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ് കിട്ടാനുള്ളതും ലഭ്യത സംശയാസ്പദമായിട്ടുള്ള തുകക്ക് ഇൻകം & എക്സ്പെന്റീച്ചർ പത്രികയിൽ പ്രൊവിഷൻ നൽകിയിട്ടില്ല.

3. നിർവഹണ ഉദ്യോഗസ്ഥർ (അസിസ്റ്റന്റ് എഞ്ചിനിയർ) മുഖേന സ്വീകരിക്കുന്ന ഡെപ്പോസിറ്റുകൾ (ഇ.എം.ഡി സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ) അക്കൌണ്ട് ചെയ്യപ്പെടുന്നില്ല.

4. തൻവർഷത്തെ ഇ-ടെണ്ടർ മുഖേന ലഭിച്ച തുക പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചിട്ടില്ല.

5. ഇൻകം & എക്സ്പെന്റീച്ചർ ഷെഡ്യൂൾ 1-6 പത്രിക പ്രകാരം തൊഴിലുറപ്പ് പദ്ധതിക്കായി 234068081/- രൂപയാണ് വരവ് രേഖപ്പെടുത്തിയത്. എന്നാൽ യഥാർത്ഥത്തിൽ ഇ.എഫ്.എം.എസ് മുഖേന 23758639/- രൂപയും ലഭിച്ചിട്ടുണ്ട്. വ്യത്യാസം ക്രമീകരിച്ചിട്ടില്ല.

6. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, അസസ്മെന്റ് രജിസ്റ്റർ, പ്രൊഫഷണൽ ടാക്സ് (ട്രേഡേഴ്സ് ) രജിസ്റ്റർ, ലേല രജിസ്റ്റർ എന്നിവ എഴുതി പൂർത്തീകരിച്ചിട്ടില്ല.

# 1-9 തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് ഉറപ്പു വരുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യപാരം, വ്യവസായം, മറ്റ് വരുമാന മാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പടെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് സ്ഥാപനം ഉറപ്പു വരുത്തിയിട്ടില്ല. രജിസ്റ്ററുകളുടെ പരിപാലനത്തിലെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലുള്ള നടപടി ക്രമങ്ങളിലെയും വീഴ്ചകൾ ഇത് വ്യക്തമാക്കുന്നു. നികുതി പരിധിയിൽ നിന്നും ബാധ്യതപ്പെട്ടവർ ആരും തന്നെ ഒഴിഞ്ഞു പോകാതിരിക്കാൻ താഴെ പറയുന്ന നടപടി ക്രമങ്ങൾ കേരള പഞ്ചായത്ത്രാജ് ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

1. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നൽകേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ്. (സെക്ഷൻ 205 ബി, ചട്ടം13 എന്നിവ കാണുക)

2. തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം രണ്ടാം നമ്പർ ഫോറത്തിൽ ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകേണ്ടതാണ്

3. വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ ഉൾപ്പെടുത്തിയും ക്രമനം 1 ൽ സൂചിപ്പിച്ച, കെട്ടിട ഉടമകൾ ലഭ്യമാക്കുന്ന വിവരങ്ങളും 2ൽ സൂചിപ്പിച്ച ഫോറം 2ലെ വിവരങ്ങളും അടിസ്ഥാനപ്പെടുത്തിയുമാണ് ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടത്.

എന്നാൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, വരുമാനദായകർ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടിക്രമങ്ങൾ സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല. (ക്രമ നമ്പർ ഒന്നു പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിന് കെട്ടിട ഉടമയ്ക്ക് നൽകേണ്ട നോട്ടീസിന്റേയോ ഉടമസ്ഥൻ വിവരം ലഭ്യമാക്കേണ്ട ഫോറത്തിന്റേയോ മാതൃക/ഫോറം തൊഴിൽ നികുതി ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. എങ്കിലും നിയമ പ്രകാരവും ചട്ടപ്രകാരവുമുള്ള വരുമാനമാർഗ്ഗം ഉപയോഗപ്പെടുത്താൻ സ്ഥാപനം ഫോറങ്ങൾ നിശ്ചയിച്ച് ഉപയോഗപ്പെടുത്തുകയോ അപാകത സർക്കാരിന്റെ

ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുകയോ ചെയ്യേണ്ടതായിരുന്നു.) ഇതിന്റെ ഫലമായി താഴെ പറയുന്ന പൊരുത്തക്കേടുകൾ തൊഴിൽ നികുതിയുടെ കാര്യത്തിൽ നിലനിൽക്കുന്നു.

a) 2018-19 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം ട്രേഡേഴ്സ്/ഇൻസ്റ്റിറ്റ്യൂഷൻ പ്രൊഫഷൻ ടാക്സ് വരവ് 644100/- രൂപയാണ്. എന്നാൽ പഞ്ചായത്തിൽ ട്രേഡേഴ്സ്/ഇൻസ്റ്റിറ്റ്യൂഷൻ പ്രൊഫഷൻടാക്സ് ഡിമാന്റ് രജിസ്റ്ററോ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റോ നാളിതുവരെ തയ്യാറാക്കിയിട്ടില്ല.ഡിമാന്റ് രജിസ്റ്ററിനേയും തുകയേയും സാധൂകരിക്കേണ്ട ട്രേഡേഴ്സ് ലിസ്റ്റ് സ്ഥാപനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഇക്കാരണത്താൽ ഡിമാന്റ് തുകയുടെ സാധുത പരിശോധിക്കാനായിട്ടില്ല.

b) നിലവിൽ ഈടാക്കിയിരിക്കുന്ന ട്രേഡേഴ്സ്/ഇൻസ്റ്റിറ്റ്യൂഷൻ/അനുസൃത പ്രൊഫഷൻ ടാക്സ് എത്ര സ്ഥാപനങ്ങളിൽ നിന്നാണ് എന്ന് കൃത്യമായ രേഖയില്ല. ഇത് ഈടാക്കിയിരിക്കുന്നത് വരുമാനത്തിന് അനുസൃതമായാണോ എന്ന് വ്യക്തമല്ല. ട്രെയിഡേഴ്സിൽ നിന്നും മറ്റുള്ളവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് നിശ്ചിത മാതൃകയിലുള്ള റിട്ടേണിൽ അവരുടെ വരുമാനം സംബന്ധിച്ച വിവരം ലഭ്യമാക്കിയല്ല.

c) 2018-19 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലിചെയ്യുന്നതായി സ്ഥാപന ഉടമ സാക്ഷ്യപ്പെടുത്തി നൽകിയെങ്കിലും ഇവരിൽ നിന്നും തൊഴിൽ നികുതി റിട്ടേൺ വാങ്ങിയിട്ടില്ല.

| ക്രമ നം | ലൈസൻസ് നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 108 | പ്രോസി റസ്റ്റോറന്റ് | 8 |
| 2 | 79 | ഷാലിമാർ | 10 |
| 3 | 74 | കൊപ്പോഴക്കൽ എന്റർപ്രൈസസ് | 7 |
| 4 | 67 | ജെ.പി.എസ് അഗ്രോപ്രൊഡക്ട്സ് | 8 |
| 5 | 36 | വൈറ്റ് ഹൗസ് റസ്റ്റോറന്റ് | ലൈസൻസ് ഫയൽ ലഭ്യമാക്കിയിട്ടില്ല |

d) പഞ്ചായത്തിൽ 31-03-2019 തീയതിയിൽ വേക്കൻസി റമിഷൻ നൽകിയ 35 കെട്ടിടങ്ങൾ ഒഴികെ 3688 വാണിജ്യ/വ്യവസായ കെട്ടിടങ്ങൾ ആണ് ഉള്ളത്. 2018-19 ൽ ആകെ അനുവദിച്ച 559 ഡി & ഒ ലൈസൻസുകൾ 875 കെട്ടിടങ്ങളിലായാണ് നൽകിയിട്ടുള്ളത്. ബാക്കിയുള്ള 2813 കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവയിലെ തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല എന്നത് അപാകതയാണ്.

ക്രമ നം 1 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാത്തതുകൊണ്ട്, കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവർ മാത്രമല്ല കെട്ടിട ഉടമകളും നികുതി പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടു. ഗ്രാമപഞ്ചായത്തിലെ കെട്ടിട ഉടമകൾ ആരും തന്നെ നാളിതുവരെ തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെട്ടിട്ടില്ലെന്ന വസ്തുത നികുതി വരുമാനത്തിന്റെ കാര്യത്തിൽ സ്ഥാപനത്തിന്റെ ജാഗ്രതക്കുറവ് വ്യക്തമാക്കുന്നു. വാണിജ്യാവശ്യത്തിന് നികുതി നിർണ്ണയിച്ച എല്ലാ കെട്ടിട ഉടമകളെയും, പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിക്കുകയും നിലവിൽ വാടകയ്ക്ക് നല്കുകയും ചെയ്യുന്ന കെട്ടിട ഉടമകളെയും നികുതി പരിധിയിൽ കൊണ്ടുവന്ന്

ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതും വരുമാനം സംബന്ധിച്ച് ചട്ടപ്രകാരമുള്ള ഫോറത്തിൽ റിട്ടേൺ വാങ്ങി നികുതി ഈടാക്കേണ്ടതുമാണ്. റിട്ടേൺ പ്രകാരം കാണിക്കുന്ന വരുമാനത്തിന്റെ കൃത്യത ആവശ്യമെങ്കിൽ ലൈസൻസ് അപേക്ഷയ്ക്കൊപ്പം (ലൈസൻസ് നല്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ) ലഭ്യമാക്കുന്ന കരാറിലെ വാടക സംബന്ധിച്ച വിവരവുമായി ഒത്തുനോക്കി ഉറപ്പാക്കാവുന്നതാണ്.

നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നത് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടാണെന്ന് സൂപ്പർവൈസറി തലത്തിൽ പരിശോധിക്കപ്പെടാത്തതും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നികുതി പിരിവുമായി ബന്ധപ്പെട്ട് കൃത്യമായ ഇടപെടൽ നടത്താത്തതും നികുതി പിരിവിലെ മേൽ അപാകതകൾക്ക് കാരണമായി. മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥനും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കേണ്ടതും ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതുമാണ്.

# 1-10 ലൈസൻസ് - അപാകതകൾ

പഞ്ചായത്തിൽ നാളിതുവരെ വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. പഞ്ചായത്തിൽ 31-03-2019 തീയതിയിൽ വേക്കൻസി റമിഷൻ നൽകിയ 35 കെട്ടിടങ്ങൾ ഒഴികെ 3688 വാണിജ്യ/വ്യവസായ കെട്ടിടങ്ങൾ ഉള്ളതായി ഓഡിറ്റ് എൻക്വയറി "1എ" യ്ക്കുള്ള മറുപടിയിൽ സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. 2018-19 ൽ ആകെ അനുവദിച്ച 559 ഡി & ഒ ലൈസൻസുകൾ 875 കെട്ടിടങ്ങളിലായാണ് നൽകിയിട്ടുള്ളത്. ഇതിൽ നിന്നും ബാക്കിയുള്ള2813 കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതാണ് എന്ന് വേണം കരുതേണ്ടത്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലെ യാതൊരു സ്ഥലവും പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതു താൽപര്യങ്ങളെ ദോഷകരമായി ബാധിക്കുന്നതോ ശല്യകാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ, മറ്റു സേവനങ്ങൾ എന്നിവക്കായി പൊതുവേയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും, സെക്രട്ടറി നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ ഉപയോഗിക്കാൻ പാടുള്ളതല്ല എന്ന കാര്യം ഇവിടെ പ്രസക്തമാകുന്നു. ലൈസൻസ് ഇനത്തിൽ ലഭിക്കുന്ന വരുമാനം നഷ്ടപ്പെടുന്നതിനൊപ്പം അപകടം വരുത്തിവയ്ക്കാവുന്ന പ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെടുന്നില്ല എന്നതും ഗൗരവപൂർണ്ണം കാണേണ്ടതാണ്.

അടിയന്തിരമായി ഫീൽഡ് പരിശോധന നടത്തി ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തേണ്ടതും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥൻ ഇതിന് നേതൃത്വം നൽകേണ്ടതും ധനകാര്യ സ്ററാന്റിംഗ്കമ്മിറ്റി പുരോഗതി വിലയിരുത്തേണ്ടതുമാണ്. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ, ഫലപ്രാപ്തി എന്നിവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്

# 1-11 ഔട്ട്ഡോർ പിരിവ് - പരിശോധന കാര്യക്ഷമമല്ല.

ഔട്ട് ഡോർ കലക്ഷൻ പിരിവ് കാര്യക്ഷമമാക്കുന്നതിനും പിരിവ് പുരോഗതി മേൽനോട്ടം വഹിക്കുന്നതിനും 14/09/2018 ലെ ഓഫീസ് ഉത്തരവ് നം 3 പ്രകാരവും 24/01/2019 ലെ 3/19 നം ഉത്തരവ് പ്രകാരവും അസിസ്റ്റന്റ് സെക്രട്ടറി, ജൂനിയർ സൂപ്രണ്ട് എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ നോട്ട ചുമതലയുള്ള അസിസ്റ്റന്റ് സെക്രട്ടറി, ജൂനിയർ സൂപ്രണ്ട് എന്നിവർ

ചുമതലാനിർവ്വഹണത്തിൽ വീഴ്ച വരുത്തി. ഔട്ട് ഡോർ കലക്ഷൻ രജിസ്റ്ററുകളിൽ ഒന്നും തന്നെ അസി.സെക്രട്ടറിയോ ജൂനിയർ സൂപ്രണ്ടോ പരിശോധന നടത്തി രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിൽ പിരിവ് തുകയുടെ കൃത്യത പരിശോധിക്കേണ്ട ചുമതലയുള്ള കാഷ്യർ കളക്ഷൻ രജിസ്റ്റർ പരിശോധിച്ചിട്ടില്ല. പിരിവ് തുകകൾ സൂക്ഷ്മ പരിശോധന നടത്തി കൃത്യത ഉറപ്പാക്കുന്നില്ല. ഇത് സംബന്ധിച്ച കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. 02.03.2019 തീയതിയിൽ ശ്രീമതി ജ്യോതി.സി എന്നവർക്ക് അനുവദിച്ച 21347 നമ്പർ രശീത് ബുക്കിലെ 33,34 എന്നീ നമ്പർ രശീതുകൾ പ്രകാരം പിരിവെടുത്ത യഥാക്രമം 688/-,103/- എന്നീ തുകകൾ ഗ്രാമപഞ്ചായത്തിൽ അടവാക്കിയിരുന്നില്ല. (ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തുകകൾ 30-09-2019 ന് സാംഖ്യ രസീറ്റ് നം 11904010351O പ്രകാരം അടവാക്കിയിട്ടുണ്ട്.) പിരിവ് വിവരങ്ങൾ കലക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടും തുക അടവാക്കുന്നതിൽ വീഴ്ച സംഭവിക്കുന്നതും അവ കണ്ടെത്തപ്പെടാതെ പോകുന്നതും മേൽനോട്ട കുറവ് കൊണ്ടാണ് എന്ന് വ്യക്തമാണ്.

2) 19/07/2019 തീയതിയിൽ ശ്രീ.പി.എച്.ഷാ എന്നവർക്ക് അനുവദിച്ച 49578 നമ്പർ രശീത് ബുക്കിലെ 69എന്ന നമ്പർ രശീത് പ്രകാരം പിരിവെടുത്ത 404/- രൂപ ഗ്രാമപഞ്ചായത്തിൽ അടവാക്കിയിരുന്നില്ല. (തുക പിന്നീട് 19-09-2019 നാണ് പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളത്.)

അപാകത ആവർത്തിക്കാതിരിക്കുന്നതിനായി മേൽ ഉത്തരവ് പ്രകാരമുള്ള പരിശോധന ചുമതലപ്പെട്ടവർ നിർവഹിക്കുന്നുണ്ട് എന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നികുതി പിരിവ് പുരോഗതി പരിശോധിക്കേണ്ടതുമാണ്.

# 1-12 ലേലം -അപാകതകൾ

ഗ്രാമ പഞ്ചായത്തിൽ ലേലം വരവ് സംബന്ധിച്ച് കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) പഞ്ചായത്തിൽ ലേല രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2)പഞ്ചായത്തിലെ ഈങ്ങാപ്പുഴ, അടിവാരം എന്നിവിടങ്ങളിലെ കംഫർട്ട് സ്റ്റേഷനുകൾ 2018-19 ലേക്ക് ലേലം നടത്തിയെങ്കിലും ആരും ഏറ്റെടുത്തില്ല. എന്നാൽ ഇത് പുനർ ലേലം നടത്തിയിട്ടില്ല .

ലേല രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ലേല തുക മുഴുവൻ ഈടാക്കിയോ എന്ന് ഉറപ്പ് വരുത്തുന്നതിന് കഴിഞ്ഞിട്ടില്ല.

3)2018-19 ൽ പഞ്ചായത്തിലെ ഉപയോഗശൂന്യമായ പാഴ്വസ്തുക്കൾ ലേലം നടത്തിയിട്ടുണ്ട്. എന്നാൽ ഇതിന് അസി.എഞ്ചിനിയർ വിലനിർണ്ണയം നടത്തിയിട്ടില്ല. 14/03/2019 ന് നടന്ന പ്രസ്തുത ലേലത്തിൽ ക്വോട്ട് ചെയ്തതിലും കൂടുതൽ തുകയ്ക്ക് പാഴ്വസ്തുക്കൾ ഏറ്റെടുക്കാം എന്ന് കാണിച്ച് അപേക്ഷ പഞ്ചായത്തിൽ ലഭിച്ചതായി കാണുന്നു. എന്നാൽ ഇത് സംബന്ധിച്ച തുടർ നടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

പഞ്ചായത്തിൽ ഓരോ വർഷത്തേക്കും നടത്തിപ്പിനായി ലേലം ചെയ്തുനൽകാനുള്ളതായ കംഫർട്ട് സ്റ്റേഷൻ, മേലാദായം എന്നിവ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുൻപ് ആവശ്യമായ പത്രപരസ്യം നൽകി ലേലത്തിൽ നൽകുന്ന നടപടികൾ പൂത്തിയാവുന്നുണ്ട് എന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്. പഞ്ചായത്തിൽ ശുചിത്വ പരിപാലനത്തിനും പൊതു ഇടങ്ങളിൽ പൊതുജനങ്ങൾക്ക് വളരെ ഉപകാരപ്രദമായതുമായ കംഫർട്ട് സ്റ്റേഷനുകൾ പ്രവർത്തിപ്പിക്കേണ്ട പഞ്ചായത്തിന്റെ അടിസ്ഥാന ഉത്തരവാദിത്വം നടത്തിപ്പ് അവകാശ ലേലത്തിലൂടെയോ അപ്രകാരം ആരും ഏറ്റടുത്തില്ലെങ്കിൽ പഞ്ചായത്ത് നേരിട്ടോ നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# 1-13 വാട്ടർ ചാർജ് ഈടാക്കുന്നതിലെ അപാകതകൾ

പഞ്ചായത്തിൽ 2018-1 9 വർഷം 161783/- രൂപയും കുടിശ്ശികയായി 15680/- രൂപയും വാട്ടർ ചാർജ് ഇനത്തിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ വാട്ടർ ചാർജ് ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. കൂടാതെ എത്ര പേർക്ക് വാട്ടർ കണക്ഷൻ നൽകിയിട്ടുണ്ട് എന്നത് സംബന്ധിച്ചോ നിലവിൽ എത്രപേർ കണക്ഷൻ ഉപയോഗിക്കുന്നുണ്ട് എന്നത് സംബന്ധിച്ചോ കൃത്യമായ കണക്ക് പഞ്ചായത്തിൽ ലഭ്യമല്ല.

# 1-14 വാടക കെട്ടിടങ്ങൾ സംബന്ധിച്ച അപാകതകൾ

1) പഞ്ചായത്ത് വാടക കെട്ടിടം മൂന്ന് വർഷത്തോളമായി ഒഴിഞ്ഞ് കിടക്കുന്നു - വരുമാന നഷ്ടം

പഞ്ചായത്ത് വാടക കെട്ടിടത്തിലെ റൂം നം 3/20സി, 3/20ജെ എന്നീ റൂമുകൾ ലേലത്തിലെടുത്തവരുമായി പഞ്ചായത്ത് ചമച്ച വാടക എഗ്രിമെന്റ് (തീയതി- 22-04-2015) വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ നോർത്തേൺ റേഞ്ച്, കോഴിക്കോട് ഓഫീസ് 09-10-2015 ന് പിടിച്ചെടുത്തതായി വിജിലൻസ് രസീറ്റ് നൽകിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തതായി ഒരു രേഖയും പഞ്ചായത്തിൽ ലഭ്യമല്ല. പ്രസതുത കെട്ടിടങ്ങൾ വാടകയ്ക്ക് നൽകാമോ എന്ന് ആരാഞ്ഞുകൊണ്ട് 29-06-2016, 26-03-2019, 30-07-2019 എന്നീ തീയതികളിൽ പഞ്ചായത്തിൽ നിന്നും എ5/2650/2019 നമ്പർ കത്തുകൾ അയച്ചതായി കാണുന്നുണ്ടെങ്കിലും ഇത് സംബന്ധിച്ച് വിജിലൻസിൽ നിന്നും മറുപടി ലഭ്യമായിട്ടില്ല എന്നാണ് പഞ്ചായത്ത് അറിയിച്ചിട്ടുള്ളത്. ആയതിനാൽ 2015 ഒക്ടോബർ മുതൽ മേൽ കെട്ടിടങ്ങൾ ഒഴിഞ്ഞ് കിടക്കുകയാണ്. അവസാനമായി ഓരോ മുറികളിൽ നിന്നും 1500/- രൂപ വീതം പ്രതിമാസ വാടകയാണ് പഞ്ചായത്ത് ഈടാക്കി വന്നിരുന്നത്. പിടിച്ചെടുത്ത വാടക എഗ്രിമെന്റ് പ്രകാരം എത്ര തുകയ്ക്കാണ് മുറികൾ ലേലത്തിൽ പോയത് എന്ന് തെളിയിക്കുന്ന ലേല രജിസ്റ്ററോ ലേലഫയലോ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ഇതിനാൽ തന്നെ നാളിതുവരെ പഞ്ചായത്തിന് വാടകയിനത്തിലുണ്ടായ യഥാർത്ഥ നഷ്ടം കണക്കാക്കാൻ സാധിക്കുന്നില്ല. 2015 ഒക്ടോബറിന് മുൻപുള്ള വാടക പ്രകാരം കണക്കാക്കിയാൽ പോലും ഒന്നര ലക്ഷം രൂപയിലധികം പഞ്ചായത്തിന് നഷ്ടമായതായി കാണാം.

2)വാടക രജിസ്റ്ററിൽ വരവ് ചെലവ് സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ അരിയർ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുകയോചെയ്തിട്ടില്ല.

3) വാടക ബൈലോ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല

4) പഞ്ചായത്തിൽ നിലവിൽ വാടകയ്ക്ക് നൽകിയവരുമായി (8 വാടകക്കാർ) നിയമാനുസൃത കരാർ ചമച്ചിട്ടില്ല

5) 2018-19 ൽ വാടക കുടിശ്ശികയായി 45892 രൂപ 2019 ഒക്ടോബറിലും തുടരുന്നു. ഇതിൽ അബ്ദുൾ അസീസ്, പറശ്ശേരിമണ്ണിൽ എന്നവരുടെ പേരിൽ വാടകയ്ക്ക് നൽകിയ 9/25 നമ്പർ മുറിയുടെ 2018-19 മുതൽ 2019 ഒക്ടോബർ വരെയുള്ള വാടക ഒടുക്കിയിട്ടില്ല. വാടക പിരിച്ചെടുക്കുന്നതിനായി പഞ്ചായത്ത് നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ചവരുത്തിയതായി കാണുന്നു.

6) 8/361A നമ്പർ മുറിയുടെ വാടകക്കാരായ സിനർജിയ ഫുഡ് പ്രോഡക്റ്റ്സ് എന്ന സ്ഥാപനത്തിന്റെ 2018-19 വാടക ഡിമാന്റായ 34100/- രൂപയിൽ 29500/- രൂപ 2018-19 ൽ അടവാക്കിയിട്ടുണ്ട്. എന്നാൽ വാടക തുകയ്ക്ക് ജി.എസ്.ടി അടവാക്കിയിട്ടില്ല.

# 1-15 വസ്തുനികുതി - കണക്കാക്കിയത് സംബന്ധിച്ച അപാകതകൾ

പഞ്ചായത്തിൽ വസ്തുനികുതി കണക്കാക്കുന്നത് സംബന്ധിച്ച് ചുവടെ ചേർത്ത അപാകതകൾ കാണുന്നു.

1) നികുതി ഡിമാന്റ് ചെയ്യുന്നതിൽ പിഴവ്- പഞ്ചായത്തിന് നികുതി നഷ്ടം

കെട്ടിട നിർമ്മാണം പൂർത്തീകരിച്ചതായി കെട്ടിട ഉടമ സാക്ഷ്യപത്രം തന്ന കാലയളവ് പരിഗണിക്കാതെ നികുതി പ്രാബല്യത്തിൽ വരുന്ന തീയതി കണക്കാക്കിയത് മൂലം പഞ്ചായത്തിന് വരുമാനത്തിൽ വലിയ തുക നഷ്ടപ്പെടാനിടയാവുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

ഉദാ:- ശ്രീ.അബൂക്കർ കോയ,ആസാദലി, നൌഷാദ് എന്നിവരുടെ ഉടമസ്ഥതയിലുള്ള 19/178സി നമ്പർ ലോഡ്ജ് കെട്ടിടത്തിന് നമ്പർ നൽകുവാനായി 27-01-2018 തപാൽ നം എ3673/18 പ്രകാരം അപേക്ഷ സമർപ്പിച്ചു. അപേക്ഷ പ്രകാരം നികുതി കണക്കാക്കേണ്ടിയിരുന്നത് 2017-18 രണ്ടാം അർദ്ധവർഷം മുതലാണ്. 1750.89 ച.മീ. വിസ്തീർണ്ണമുള്ള ഈ ലോഡ്ജ് കെട്ടിടത്തിന് വാർഷിക വസ്തുനികുതി 66185+3152(LC) രൂപയാണ്. എന്നാൽ പഞ്ചായത്ത് നികുതി കണക്കാക്കിയത് 2018-19 ഒന്നാം അർദ്ധ വർഷം മുതലാണ്. ഫലത്തിൽ പഞ്ചായത്തിന് ഒരു അർദ്ധ വർഷത്തെ നികുതിയായ 33093+1576(LC) നഷ്ടപ്പെട്ടു.

2) നികുതി നിരക്ക് കണക്കാക്കിയതിലെ അപാകത മൂലം നികുതി നഷ്ടം

ശ്രീ. ജോർജ്.കെ.എം, കൊരയൻമാക്കിൽ എന്നവരുടെ ഉടമസ്ഥതയിലുള്ള 16/469 D, E, F എന്നീ കെട്ടിടങ്ങൾക്ക് നമ്പർ നൽകിയത് 2018-19 ഒന്നാം അർദ്ധവർഷത്തിലും (ഈ റൂമുകളുടെ വിസ്തീർണ്ണം 88.44ച.മീ.ആണ്) അതേ കെട്ടിടത്തിലെ 16/469 A,B,C എന്നീ മുറികൾക്ക് നമ്പർ നൽകിയത് 2017-18 ഒന്നാം അർദ്ധ വർഷത്തിലുമാണ് (ഈ റൂമുകളുടെ വിസ്തീർണ്ണം 118.88ച.മീ.ആണ്). പഞ്ചായത്തിൽ 100 ച.മീ കൂടുതലുള്ള ഷോപ്പുകൾക്ക് നികുതി നിരക്ക് 50/- രൂപയാണ്. എന്നാൽ ഒരേ ആളുടെ ഉടമസ്ഥതയിലുള്ളതും ഒരേ കെട്ടിടത്തിൽ സ്ഥിതി ചെയ്യുന്നതും ഒരേ ഉപയോഗ ക്രമത്തിനുള്ളതുമായ കെട്ടിടത്തിന് നികുതി നിരക്ക് കണക്കാക്കേണ്ടത് അതിനെ ഒരു കെട്ടിടമായി കണക്കാക്കിയാണ്. അതായത് 2018-19 ൽ മേൽ കെട്ടിടത്തിന്റെ ബാക്കി ഭാഗം നമ്പർ നൽകുമ്പോൾ 2017-18ൽ നമ്പർ നൽകിയ കെട്ടിടത്തിന്റെ നികുതിയും പരിഷ്കരിക്കേണ്ടതായുണ്ട്. ഇവിടെ 2018-19 ൽ നമ്പർ നൽകിയ 100 ച.മീ. കൂടുതലുള്ള ഷോപ്പുകൾക്ക് 40/- രൂപ നിരക്കിലാണ് നികുതി കണക്കാക്കിയിരിക്കുന്നത്.

3) ശ്രീ. മുഹമ്മദ്, വിളക്കാട്ടുകാവിൽ എന്നവരുടെ ഉടമസ്ഥതയിലുള്ള 6/321 B,C,D,E,F,G എന്നീ വാണിജ്യ കെട്ടിടങ്ങൾ ആകെ 211.03 ച.മീ വിസ്തീർണ്ണമുണ്ട്. 100 ച.മീ കൂടുതലുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് ഈടാക്കേണ്ട ച.മീറ്ററിന് 50/- രൂപ നിരക്കിന് പകരം 40/- രൂപയാണ് ഇവിടെ എടുത്തിരിക്കുന്നത്.

4) ഒരാളുടെ ഉടമസ്ഥതയിൽ ക്വാർട്ടേഴ്സ് ഗണത്തിലും ഫ്ലാറ്റ് ഗണത്തിലും പെടുത്തി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് താമസ ആവശ്യത്തിനുള്ള വീടിന്റെ നികുതി നിരക്കായ 4/- രൂപ നൽകുന്നു. വാടകയ്ക്ക് നൽകുന്നതായ കെട്ടിടങ്ങളെ ലോഡ്ജ് ഗണത്തിൽ പെടുത്തി നികുതി നിരക്കായ 40/- രൂപ

ഈടാക്കിയിട്ടില്ല. വിസ്തീർണ്ണാടിസ്ഥാനത്തിൽ കണക്കാക്കിയാൽ പഞ്ചായത്തിന് വലിയ നികുതി നഷ്ടം സംഭവിച്ചതായി കാണുന്നു. ഉദാ ചുവടെ കൊടുക്കുന്നു.

| ക്രമ നം | കെട്ടിട നം | ഉടമസ്ഥൻ | വിസ്തീർണ്ണം |
|---|---|---|---|
| 1 | 9/528E,F,G,H,I | അബ്ദുൾ ഖാദർ, സൈനബ, കല്ലടികുന്നുമ്മൽ | 356.78ച.മീ |
| 2 | 3/473 N മുതൽ Z വരെ | ജാഫർ, എലിക്കാട് | 1278.28 ച.മീ |
| 3 | 18/349 B മുതൽ E വരെ | നൌഷാദ്, വള്ളിക്കെട്ടുമ്മൽ | 292.80 ച.മീ |
| 4 | 21/491 F മുതൽ J വരെ | ഷാജി, ജോർജ് വള്ളിക്കാട്ടിൽ | 360.7 ച.മീ |
| 5 | 13/20 E മുതൽ J വരെ | നാസർ, അരീചോലയിൽ | 373.44 ച.മീ |
| 6 | 16/506,506A,D,E | മുഹ്സിൻ, ഒറ്റക്കണ്ടത്തിൽ | 239.85 ച.മീ |

ഒരാളുടെ ഉടമസ്ഥതയിലുള്ള ഇത്തരം കെട്ടിടങ്ങൾ വാടകയ്ക്ക് നൽകാനായി ഉപയോഗിക്കുന്നതിനാണ് എന്ന അനുമാനത്തിൽ ആയത് പരിശോധിച്ച് നികുതി നിരക്ക് പരിഷ്കരിച്ച് കെട്ടിട നികുതിയും വാടക ഈടാക്കുന്നതിനനുസരിച്ച് കെട്ടിട ഉടമയിൽ നിന്നും തൊഴിൽ നികുതിയും ഈടാക്കേണ്ടതുമാതാണ്.

5) <u>കെട്ടിടങ്ങൾ ക്രമവൽക്കരണ ഫീ കുറച്ച് ഈടാക്കുന്നു</u>

പെർമിറ്റ് ഇല്ലാതെ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ ക്രമവൽക്കരിക്കുമ്പോൾ കെട്ടിട നിർമാണ പെർമിറ്റ് ഫീയും അതിന്റെ രണ്ട് ഇരട്ടിയും ഈടാക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ കെട്ടിടങ്ങൾ ക്രമവൽക്കരിക്കുമ്പോൾ പെർമിറ്റ് ഫീയുടെ ഇരട്ടി തുക മാത്രമാണ് ഈടാക്കുന്നത്.

2018-19 വർഷം പഞ്ചായത്തിൽ ക്രമവൽക്കരണ ഫീയായി 124901/- രൂപയാണ് അടവാക്കിയിരിക്കുന്നത്.ഇത് എന്നത് പെർമിറ്റ് ഫീസിന്റെ ഇരട്ടിയാണ്. ചട്ടപ്രകാരം ഈടാക്കിയിരുന്നെങ്കിൽ 187351/- രൂപ പഞ്ചായത്തിന് ലഭ്യമായേനെ. 62450/- രൂപ ഈ ഇനത്തിൽ നഷ്ടപ്പെട്ടു.

# 1-16 സെക്രട്ടറി നടപ്പാക്കിയ വിവിധ പദ്ധതികളുടെ പൂർത്തികരണ വിവരങ്ങൾ ലഭ്യമല്ല

പദ്ധതി നമ്പർ : 346/19

അടങ്കൽ : 100000/-

ചെലവ് : 68660/-

ബിൽ നമ്പർ : 41/20.03.2019

വിവിധ അംഗൻവാടികൾക്ക് കുഴൽകിണർ നിർമ്മാണത്തിനായി ഭൂജല വകുപ്പിലേക്ക് 68660/- രൂപ എസ്റ്റിമേറ്റ് പ്രകാരം ഡെപ്പോസിറ്റ് ചെയ്തിരുന്നു. എന്നാൽ ആയതിന്റെ തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ഇല്ല. പദ്ധതി പൂർത്തിയായില്ലെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

20.03.2019 ന് ഭൂജല വകുപ്പുമായി കരാർ ചമച്ചിരുന്നു.

ഡെപ്പോസിറ്റ് നടത്തിയതിന്റെ വിവരങ്ങൾ:-

| | |
|---|---|
| മേലേകലേക്കാട് അംഗൻവാടി -115 തുക | 31470 |
| പുതുപ്പാടി അംഗൻവാടി - 84 തുക | 37190 |
| ആകെ | 68,660 |

പദ്ധതിയുടെ തുടർ നടപടികൾ നിരീക്ഷിക്കേണ്ടതാണ്.

മേൽ പറഞ്ഞ ന്യൂനതകൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/5.10.19) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക 68660/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

# 1-17 നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചെലവ് പത്രിക പ്രകാരമുള്ള ചെലവിന്റെ രേഖകൾ ലഭ്യമാക്കിയില്ല

പദ്ധതി നമ്പർ : 337/19

അടങ്കൽ : 15000 (തനത് ഫണ്ട്)

ചെലവ് : 10872

നിർവ്വഹണം : ഹെഡ്മാസ്റ്റർ

മലപ്പുറം ജി.എം.എൽ.പി സ്കൂളിലേക്ക് പ്രിന്റർ വാങ്ങുന്നതിനാണ് പദ്ധതി വച്ചത്. പ്രസ്തുത പദ്ധതിക്കായി 10872/- രൂപ ചെലവഴിച്ചതായി ഐ.കെ.എം ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തുക വിനിയോഗിച്ചതിന്റെ രേഖകൾ ഹെഡ്മാസ്റ്റർ ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

മേൽ പറഞ്ഞ ന്യൂനതകൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/5.10.19) മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-18 വയോജനങ്ങൾക്ക് കട്ടിൽ -വിതരണം വിവരം പൂർണ്ണമല്ല

പ്രൊജക്റ്റ് നമ്പർ : 137/19

അടങ്കൽ : 569850/-

ചെലവ് : 546839/-
ബിൽ നമ്പർ : 30/29.03.2019 തുക :546839/-

നിർവ്വഹണം : ഐ.സി.ഡി.എസ്

131 പേർക്കായി പദ്ധതി വിഭാവനം ചെയ്തതിൽ 126 പേർക്ക് അർഹതാ മാനദണ്ഡം പ്രകാരം 'സിഡ്കോ' – യിൽ നിന്നും 4340/- രൂപ നിരക്കിൽ കട്ടിലുകൾ മേൽ പദ്ധതി പ്രകാരം വാങ്ങിയിട്ടുണ്ട്. എന്നാൽ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ 117 പേർ മാത്രമാണ് കട്ടിൽ കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടുള്ളത്. ശേഷിക്കുന്ന ഒമ്പത് പേരുടെ വിവരങ്ങൾ ഇല്ല. കൂടാതെ രേഖപ്പെടുത്തിയ ഗുണഭോക്താക്കളുടെ ആരുടെയും കൈയ്യൊപ്പോ വിരലടയാളമോ രജിസ്റ്ററിൽ ഇല്ല. പകരം ചില വാർഡ് മെമ്പർമാർ ഒപ്പിട്ട് കട്ടിൽ കൈപ്പറ്റിയിട്ടുണ്ട്. ഇതിൽ നിന്നും ആവശ്യക്കാർക്ക് തന്നെയാണ് കട്ടിൽ വാങ്ങി വിതരണം ചെയ്തത് എന്ന് വ്യക്തമല്ല. ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം വിതരണം ചെയ്ത യഥാർത്ഥ ഗുണഭോക്താക്കളുടെ കൈപ്പറ്റ് പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 546839/- തടസ്സപ്പെടുത്തുന്നു.

മേൽ പറഞ്ഞ ന്യൂനതകൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/5.10.19) മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-19 ഭൂരഹിത ഭവനരഹിതരായിട്ടും 'ലൈഫ് 'പട്ടികയിൽ ഉൾപ്പെടുത്താൻ സാധിക്കാത്തത് സംബന്ധിച്ച്.

പുതുപ്പാടി ഗ്രാമപഞ്ചായത്തിലെ ലൈഫ് -III (ഭൂരഹിത ഭവനരഹിതർ) പ്രാഥമിക ഓൺലൈൻ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട നാല് പേർക്ക് തുടർന്നുള്ള സക്രൂട്ടിനിയിൽ വാസയോഗ്യമല്ലാത്ത ഭൂമിയാണുള്ളത്. വനമേഖലയിലും ഉരുൾപൊട്ടൽ മേഖലയിലുമാണ് ഇവ സ്ഥിതി ചെയ്യുന്നത്. വാസയോഗ്യമല്ലാത്ത ഭൂമിയായി സർക്കാർ പ്രഖ്യാപിച്ച ഭൂമിയിനത്തിൽ പെട്ടതിനാൽ അവർക്ക് ലൈഫ് -III പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ സാധിക്കാതെ വന്നതായി കണ്ടെത്തി. കൂടാതെ ചെറുപ്പാട് വനഭൂമി പ്രദേശത്ത് താമസിക്കുന്ന മൂന്ന് പേർക്ക് രേഖകൾ ഇല്ലാത്ത (പട്ടയം) ഭൂമിയുള്ളവരും പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. എന്തെന്നാൽ ഭൂമിയുണ്ടായിട്ടും അതിൻെറ ഉടമസ്ഥാവകാശം കാണിക്കുന്ന രേഖ ഇല്ലാത്തതിനാൽ അവരും പദ്ധതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിരുന്നു.

<u>വാസയോഗ്യമല്ലാത്ത ഭൂമിയുള്ളവരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.</u>

1. **രാജേഷ്, മട്ടിക്കുന്നുമ്മൽ, മട്ടിക്കുന്ന്**
2. **മൈമൂന, ചേലോട്, അടിവാരം**

3. **രേഖ എടത്തൊടിയിൽ, ചിപ്പിലിത്തോട്**

4. **വി.വിജയൻ, പുത്തൻവീട്ടിൽ, അടിവാരം**

**<u>രേഖയില്ലാത്ത ഭൂമിയിൽ താമസിക്കുന്നവർ.</u>**

1. **ഫൈസൽ, കയ്യേലിക്കുന്നുമ്മൽ, ചെറുപ്ലാട്,വനഭൂമി**

2. **ഹൈറുന്നിസ തയ്യൽ, കരുവൻകാവ്**

3. **പദ്മിനി അമ്മ, വീഴാമല, ചെറുപ്ലാട്.**

മേൽപറഞ്ഞ ഗുണഭോക്താക്കൾ പുതുപ്പാടി പഞ്ചായത്തിൽ ലൈഫ് III പദ്ധതിയിൽ ഉൾപ്പെട്ടവരാണ് എന്നാൽ സർക്കാർ മാനദണ്ഡ പ്രകാരം ഇവരെ അർഹതയുള്ള ഗുണഭോക്താക്കളായി പരിഗണിക്കുവാൻ സാധിക്കുകയുമില്ല. പദ്ധതിയുടെ ആവശ്യത്തിന് ഫണ്ടുണ്ടായിട്ടും ഉദ്ദേശ്യം നിറവേറ്റുന്നതിനായി ചില വ്യവസ്ഥകൾ കാരണം സാദ്ധ്യമാകുന്നില്ല.

മേൽ വിഷയത്തിൽ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

# 1-20 ആയുർവ്വേദ ആശുപത്രി മരുന്ന് വാങ്ങൽ പദ്ധതി -മരുന്നുകൾ മുഴുവൻ ലഭിച്ചിട്ടില്ല.

ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി പ്രൊജക്റ്റ് നമ്പർ .104/19 പ്രകാരം 3 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ബിൽ നമ്പർ 2/25.12.2018 പ്രകാരം തുക 'ഔഷധി' -ക്ക് കൈമാറുകയും ചെയ്തു. 30.11.2018 മുതൽ 05.04.2019 വരെ വിവിധ ഇൻവോയിസുകളിലായി മരുന്നുകൾ കൈമാറിയിരുന്നു. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ, ഇൻവോയിസ് എന്നിവ പരിശോധിച്ചതിൽ കറുത്തവട്ട് ഗുളിക ( 50 എണ്ണം x 100പാക്കറ്റ് =10500/-) ഓഡിറ്റ് തീയ്യതി വരെ ലഭിച്ചിട്ടില്ല.

26.11.2010 ലെ 13160/ഡി.എ1/10 തസ്വഭവ സർക്കുലർ പ്രകാരം ഒഷധിയിൽ നിന്നുള്ള മരുന്ന് വിതരണം ചെയ്യേണ്ട സമയ പരിധി 60 ദിവസമാണ്.

ഔഷധിയുമായി ഉണ്ടാക്കിയ കരാർ പ്രകാരം മരുന്ന് ലഭ്യമാക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.
മേൽ പറഞ്ഞ ന്യൂനതകൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/5.10.19) മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-21 സ്നേഹസ്പർശം സൊസൈറ്റിക്ക് വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ,കൈപ്പറ്റ് ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ സ്നേഹസ്പർശം സൊസൈറ്റിക്ക്

പഞ്ചായത്ത് വിഹിതം നൽകൽ പദ്ധതി പ്രകാരം (നമ്പർ.4/19) വികസനഫണ്ട് നിന്നും 2 ലക്ഷവും തനത് ഫണ്ടിൽ നിന്നും ഒരു ലക്ഷവും വകയിരുത്തിയിരുന്നു. വികസന ഫണ്ടിൽ നിന്നുള്ള ചെലവിന് മാത്രമാണ് വിനിയോഗ വിവരം ലഭ്യമായിട്ടുള്ളത്.

31.03.2019-ൽ ചെക്ക് നമ്പർ 1939493 പ്രകാരം നൽകിയ ഒരു ലക്ഷം രൂപയുടെ രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ രേഖകൾ ലഭ്യമാക്കേണ്ടതാണ്. മേൽ പറഞ്ഞ ന്യൂനതകൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/5.10.19) മറുപടി ലഭ്യമാക്കിയിട്ടില്ല. തനത് ഫണ്ടിൽ നിന്നുള്ള ചെലവ് വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ തടസ്സത്തിൽ വെയ്ക്കുന്നു.

# 1-22 വെറ്ററിനറി ഓഫീസർ - കർഷകർക്ക് ധാതു ലവണ മിശ്രിതം നൽകൽ പദ്ധതി നടത്തിപ്പിൽ കണ്ട ന്യൂനതകൾ

വനിത കർഷകർക്ക് വിര/ധാതുലവണ മിശ്രിതം നൽകൽ പദ്ധതിയിൽ (പ്രൊജക്ട് നമ്പർ 289/19) മുഴുവൻ പേർക്കും സാധനങ്ങൾ വിതരണം ചെയ്തിട്ടില്ല. ബിൽ നമ്പർ.6/27.03.2019 പ്രകാരം 126720/- രൂപയുടെ സാധനങ്ങൾ വാങ്ങിയത് 128 പേർക്കാണ് വിതരണം ചെയ്യേണ്ടിയിരുന്നത്. എന്നാൽ വിതരണ രജിസ്റ്റർ പ്രകാരം 94 പേർക്കാണ് ഓഡിറ്റ് തീയ്യതി (3.10.19) വരെ വിതരണം ചെയ്തത്. ശേഷിക്കുന്നവർക്ക് വിതരണം ചെയ്ത രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

മേൽ പറഞ്ഞ ന്യൂനതകൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/5.10.19) മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-23 പെയിൻ ആന്റ് പാലിയേറ്റീവ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ പെയിൻ ആന്റ് പാലിയേറ്റീവ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| പ്രോജക്ട് നം | 170/19 |
| അടങ്കൽ | 655770/- |
| ഫണ്ട് | വികസനം. |
| ചെലവ് | 624508/- |
| ബിൽനം/തിയ്യതി | 1/18-19/30.07.18 |

(a) <u>പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി</u>

പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റ് ചെയർപേഴ്സണായി രൂപീകരിച്ച കമ്മിറ്റിയുടെ

മിനുട്സ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

(b) പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി

കമ്മിറ്റിയുടെ മിനുട്സ് പരിശോധനക്ക് ലഭ്യമായിട്ടില്ല.

കൂടാതെ താഴെ കാണിച്ച രജിസ്റ്ററുകളും ലഭ്യമാക്കിയിട്ടില്ല

(a) ഫോളോ അപ് ഹോം കെയർ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

(b) പേഷ്യന്റ്സ് സ്റ്റാറ്റസ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.

(c) പാലിയേറ്റീവ് നഴ്സിന്റെ അറ്റന്റൻസ് രജിസ്റ്റർ (d) പാലിയേറ്റീവ് പരിചരണത്തിനുള്ള വാഹനം വാടകക്ക് എടുത്തതിൻെറ ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ, വാഹനത്തിൻെറ ട്രിപ്പ് ഷീറ്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ നടത്തിയ സന്ദർശന വിവരങ്ങൾ സംബന്ധിച്ച രേഖകളും ലഭിച്ചിട്ടില്ല.

മേൽ പറഞ്ഞ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.
മേൽ പറഞ്ഞ ന്യൂനതകൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (27/5.10.19) മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-24 കോസ്റ്റ് ഇൻഡക്സിലുണ്ടായ മാറ്റം കണക്കിലെടുക്കാതെ പ്രവർത്തികൾ നടപ്പാക്കി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷത്തിൽ നടപ്പാക്കിയ സ്പിൽ ഓവർ പ്രവൃത്തികളിൽ തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കുകയും, പ്രവൃത്തികൾ നിർവ്വഹണം നടത്തുകയും ചെയ്തിരിക്കുന്നു. പി.ഡബ്ള്യ.ഡി ചീഫ് എഞ്ചിനീയറുടെ 19.9.2017 തീയതിയിലെ CE/Admn/PLA/EMP/ 1014(a)/05 ഉത്തരവ് പ്രകാരം 1.10.2017 മുതൽ കോഴിക്കോടിന് ബാധകമായ കോസ്റ്റ് ഇൻഡക്സ് 37.25 ശതമാനം ആയി പുനർ നിർണയിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പ്രോജക്ടുകളിൽ ചിലതിൽ പഴയ നിരക്കായ 42.16 ശതമാനം കോസ്റ്റ് ഇൻഡക്സ് നൽകിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രോജക്ട് നടപ്പാക്കിയത്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് നമ്പർ, പേര് | കരാറുകാരൻ, എഗ്രിമെന്റ് നമ്പർ/ തിയ്യതി | ആകെ ചെലവ് | ബിൽ നം തീയതി |
|---|---|---|---|---|
| 1 | 208/19, പടിഞ്ഞാറെചാലിൽ റോഡ് റീച്ച് 2 | ശ്രീ.വേണു.കെ 42/17-18/28.11.18 | 114777/- | 8/18-19/ 19.5.18 |
| 2 | 211/19, പടിഞ്ഞാറെചാലിൽ റോഡ് | ശ്രീ.വേണു.കെ 44/17-18/28.11.18 | 400000/- | 5/18-19/ 19.5.18 |

| | | | | |
|---|---|---|---|---|
| 3 | 213/19, കക്കാട് പനച്ചിങ്ങൽ റോഡ് | ശ്രീ.ഷാജി.കെ 60/17-18/12.2.18 | 492973/- | 2/18-19/ 25.5.18 |
| 4 | 243/19, കൈതപ്പൊയിൽ സ്കൂൾ പെയിന്റിംഗ് | ശ്രീ.മൺസൂർ 46/17-18/6.12.18 | 200000/- | 28/18-19/ 12.9.18 50,000/- 29/18-19/ 12.9.18 150000/- |
| 5 | 236/19, തോട്ടത്തിൽ ഫൂട്ട് പാത്ത് | ശ്രീ.അബ്ദുൾ സലീം.എം 28/17-18/28.11.18 | 292827/- | 49/18-19/ 23.11.18 |
| 6 | 232/19, ഏലോക്കര പുത്തൻകുന്ന റോഡ് | ശ്രീ.ആദായി.കെ.വി 65/17-18/12.2.18 | 306436/- | 41/18-19/ 23.11.18 |

പഴയ കോസ്റ്റ് ഇൻഡക്സ് നിരക്കിലുള്ള എസ്റ്റിമേറ്റ് തുകയിൽ സാങ്കേതികാനുമതി വാങ്ങിയ പ്രവൃത്തികളാണെങ്കിലും, പ്രവൃത്തി ഏല്പിച്ചുകൊടുക്കുന്നത് മേൽ ഉത്തരവിന്റെ പ്രാബല്യതീയതി കഴിഞ്ഞാണെന്നതിനാൽ കോസ്റ്റ് ഇൻഡെക്സിൽ വന്ന മാറ്റത്തിനനുസരിച്ച് എസ്റ്റിമേറ്റ് തുകയിൽ കുറവ് വരുത്തേണമായിരുന്നു. മേൽ പറഞ്ഞ എല്ലാ പ്രവൃത്തികൾക്കും കരാർ വച്ചത് ഈ ഉത്തരവ് നിലവിൽ വന്ന ശേഷമാണെന്ന് കാണാം. കോസ്റ്റ് ഇൻഡക്സിലുണ്ടായ കുറവ് കണക്കാക്കാതെ പ്രവൃത്തികൾ ചെയ്തതിനാൽ കോസ്റ്റ് ഇൻഡെക്സ് ഇനത്തിൽ 4.91 ശതമാനത്തിന്റെ ആധിക്യം ഉണ്ടാകുകയും അത്രയും തുകയുടെ അധികച്ചെലവ് സ്ഥാപനത്തിനുണ്ടാകുകയും ചെയ്തിട്ടുണ്ട്. കോസ്റ്റ് ഇൻഡക്സിലുണ്ടായ മാറ്റം കണക്കിലെടുക്കാതെ പ്രവൃത്തികൾ നടപ്പാക്കാനുണ്ടായ സാഹചര്യം വിശദീകരിക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, കോസ്റ്റ് ഇൻഡക്സിലെ മാറ്റം യഥാസമയം PRICE സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്താത്തതാണ് ഇതിനു കാരണമെന്നും, അസിസ്റ്റന്റ് എഞ്ചിനീയർക്ക് PRICE ൽ സ്പെസിഫിക്കേഷൻ തിരഞ്ഞെടുക്കാൻ മാത്രമേ കഴിയൂവെന്നും, കോസ്റ്റ് ഇൻഡക്സ് ഓട്ടോമാറ്റിക് ആയി ഉൾപ്പെടുന്നതാണെന്നും അറിയിച്ചു. യഥാസമയം കോസ്റ്റ് ഇൻഡക്സിലുണ്ടായ മാറ്റങ്ങൾ ഉൾപ്പെടുത്താൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകേണ്ടതും, ഈ വിഷയം സർക്കാർ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതുമാണ്.

## 1-25 ഒരേ റോഡ് പ്രവർത്തികൾക്ക് ഒന്നിലധികം പദ്ധതികൾ

2018-19 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ ചില റോഡ് പ്രവൃത്തികളിൽ ഒരേ റോഡിന് ഒന്നിലധികം പദ്ധതികൾ വച്ച് നവീകരണ പ്രവൃത്തികൾ നടത്തിയതായി കാണുന്നു.

വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | റോഡിന്റെ പേര് | പ്രോജക്ട് വിശദാംശം | അടങ്കൽ/ ഫണ്ടിനം | ചെലവ് |
|---|---|---|---|---|
| 1 | എലിക്കാട് ബൈപാസ് റോഡ് | പ്രോ.നം.201/19<br>എലിക്കാട് ബൈപാസ് റോഡ് റീടാറിംഗ് | 6,50,000/-<br>സംരക്ഷണ ഗ്രാന്റ് റോഡ് | 6,35,663/-<br>ബിൽ നം.108/18-19/13.3.2019 |
| | | പ്രോ.നം.298/19<br>എലിക്കാട് ബൈപാസ് റോഡ് നവീകരണം | 2,02,000/-<br>സംരക്ഷണ ഗ്രാന്റ് റോഡ് | 2,02,000/-<br>ബിൽ നം.108/18-19/13.3.2019 |
| | | പ്രോ.നം.370/19<br>എലിക്കാട് ബൈപാസ് റോഡ് നവീകരണം | 1,20,000/-<br>തനതുഫണ്ട് | തൻവർഷം ചെലവില്ല. 2019-20 ലേയ്ക്ക് പ്രോ.നം.291/20 ആയി സ്പിൽഓവർ ആക്കി |
| 2 | ICDP പടിഞ്ഞാറെ ചാലിൽ റോഡ് | പ്രോ.നം.211/19<br>ICDP പടിഞ്ഞാറെ ചാലിൽ റോഡ് നവീകരണം | 4,00,000/-<br>സംരക്ഷണ ഗ്രാന്റ് റോഡ് | 4,00,000/-<br>ബിൽ നം.5/18-19/19.5.2018 |
| | | പ്രോ.നം.208/19<br>ICDP പടിഞ്ഞാറെ ചാലിൽ റോഡ് നവീകരണം - റീച്ച് 2 | 1,50,000/-<br>സംരക്ഷണ ഗ്രാന്റ് റോഡ് | 1,14,777/-<br>ബിൽ നം.8/18-19/19.5.2019 |

മേൽ പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

- എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ അപൂർണ്ണം :- മെയിന്റനൻസ് പ്രവൃത്തികളുടെ കാര്യത്തിൽ എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ എപ്രകാരം തയ്യാറാക്കണമെന്നും എന്തെല്ലാം വിശദാംശങ്ങൾ അതിൽ അടങ്ങിയിരിക്കണമെന്നും 2012 ലെ പുതുക്കിയ PWD മാന്വലിൽ സെക്ഷൻ 2601 മുതലുള്ള ഭാഗത്ത് വിശദമാക്കിയിട്ടുണ്ട്. റോഡുകളുടെ ആകെ നീളവും എവിടെ ആരംഭിക്കുന്നെന്നും അവസാനിക്കുന്നെന്നുമുള്ള വിവരങ്ങൾ, അറ്റകുറ്റപ്പണിയാണെങ്കിൽ പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന റോഡിന്റെ നിലവിലെ അവസ്ഥ, പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന റോഡിൽ സമീപകാലത്ത് നടത്തിയ പ്രവൃത്തികളുടെ വിവരം, മറ്റ് സ്ഥാപനങ്ങൾ (ഉദാ: ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ) നടത്തിയ പ്രവൃത്തികളുടെ വിവരം മുതലായ വിവരങ്ങൾ ഇതിൽ ഉൾപ്പെടേണ്ടതുണ്ട്. എന്നാൽ മേൽ റോഡുകളുടെ എസ്റ്റിമേറ്റ് റിപ്പോർട്ടുകളിലൊന്നും ആദ്യ പദ്ധതിയ്ക്ക് ശേഷം മറ്റു പദ്ധതികൾ ആവിഷ്കരിച്ചപ്പോൾ, ആദ്യ പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ഓരോ റോഡ്

പ്രവർത്തിയിലും പ്രവർത്തി നടത്താനുദ്ദേശിക്കുന്ന ഭാഗം (ചെയ്നേജ്) രേഖപ്പെടുത്തുന്നില്ല. അതുകൊണ്ടു തന്നെ ഓരോ പദ്ധതിയിലുമായി ഏതെല്ലാം ഭാഗത്ത് എത്ര വീതം പ്രവർത്തികളാണ് നടത്തിയതെന്ന് വ്യക്തമല്ല. ഒരേ റോഡിൽ തന്നെയുള്ള പ്രവൃത്തികളിൽ ഇരട്ടിപ്പ് വന്നിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. മേൽ രണ്ടു റോഡുകളിലും എത്ര വീതം ദൂരത്തിൽ റീ ടാറിംഗ് നടത്തി എന്നത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിയിലൂടെ ആരാഞ്ഞെങ്കിലും മറുപടിയിൽ വിശദാംശം ലഭ്യമാക്കിയില്ല.

- ICDPപടിഞ്ഞാറേചാലിൽ റോഡിന്റെ പ്രവർത്തികൾ ടെണ്ടർ നടത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല :- ഈ റോഡ് പ്രവർത്തികളുടെ ഫയലുകളിൽ, പ്രവർത്തി ലഭിച്ച കരാറുകാരന്റെ ടെണ്ടർ ഷെഡ്യൂൾ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. രണ്ടു പ്രവർത്തികളും ശ്രീ.വേണു.കെ. എന്ന കരാറുകാരനാണ് ഏറ്റെടുത്ത് നടത്തിയിരിക്കുന്നത്. ഇയാളുമായി രണ്ടു പ്രവർത്തികൾക്കും കരാർ ചമച്ചിരിക്കുന്നതും ഒരു ദിവസം തന്നെ (28.11.17 ലെ 42,44/17-18 നമ്പർ കരാറുകൾ). വ്യത്യസ്ത പദ്ധതികളായി വിഭാവനം ചെയ്തിട്ടും ഒരേ കരാറുകാരന് ഒരേ നിരക്കിൽ (എസ്റ്റിമേറ്റ് നിരക്ക്) ടെണ്ടർ ലഭിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

- ഇ – ടെണ്ടറിനുള്ള അവസരം ഒഴിവാക്കി :- ICDPപടിഞ്ഞാറേചാലിൽ റോഡിന്റെ രണ്ടു പദ്ധതിയ്ക്കുമായി വകയിരുത്തിയത് ആകെ 5,50,000/- രൂപയാണ്. ഇത് ഒരു പദ്ധതിയായി വകയിരുത്തിയിരുന്നെങ്കിൽ ഇ -ടെണ്ടർ നൽകുകയും കൂടുതൽ മത്സരാധിഷ്ഠിതമായ ടെണ്ടർ നടപടി ഉറപ്പു വരുത്തുകയും ചെയ്യാമായിരുന്നു. ആയതിന്റെ സാധ്യത പരിഗണിച്ചില്ല.

മേൽ രീതിയിൽ ഒരേ റോഡിന്റെ നവീകരണത്തിനായി ഒന്നിലധികം പദ്ധതികൾ നടപ്പാക്കാനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭിച്ച മറുപടിയിൽ, ഗുണഭോക്താക്കളുടെ ഭാഗത്തു നിന്ന് ശക്തമായ ആവശ്യം ഉയർന്നു വന്നതിനാലാണ് ഒരു പദ്ധതി തയ്യാറായ ശേഷം മറ്റു പദ്ധതികൾ തയ്യാറാക്കേണ്ട സാഹചര്യം ഉണ്ടായതെന്നാണ് വിവരിച്ചത്.

പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിൽ ജനപങ്കാളിത്തം ഉറപ്പു വരുത്തുകയെന്നത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന അവസ്ഥരേഖയുടെ അടിസ്ഥാനത്തിൽ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കി ഗ്രാമസഭ/ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുക, ഈ വേദികളുടെ ചർച്ചകളുടേയും തീരുമാനങ്ങളുടേയും അടിസ്ഥാനത്തിൽ പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിച്ച് ഭരണസമിതിയുടേയും തുടർന്ന് വികസന സെമിനാറിന്റേയും പരിഗണനയ്ക്ക് സമർപ്പിക്കുക എന്നിവയാണ് പദ്ധതിയാസൂത്രണത്തിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രധാന ചുമതല. എന്നാൽ ഇത്തരത്തിലുള്ള ഇടപെടൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനത്തിൽ ഉണ്ടാകാതിരുന്നതാണ് മേൽ വിവരിച്ച രീതിയുള്ള സാഹചര്യത്തിന് വഴി തെളിച്ചത്. പദ്ധതിയാസൂത്രണത്തിലെ ഇത്തരം പാളിച്ചകൾ ഒഴിവാക്കേണ്ടതാണ്.

# 1-26 മൂന്നു പദ്ധതി ആവിഷ്കരിച്ചിട്ടും നിർമ്മാണം പൂർത്തിയായില്ല

പുതുപ്പാടി പഞ്ചായത്തിലെ പന്ത്രണ്ടാം വാർഡിൽ തട്ടോർ പറമ്പ് അങ്കണവാടി നിർമ്മിക്കുന്നതിനായി 2017-18 വർഷത്തിൽ 7,50,000/- രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റ് അടങ്കലോടെ ഒരു പദ്ധതി തയ്യാറാക്കി (പ്രോ.നം.231/18). അങ്കണവാടിയ്ക്കായി ദാനാധാരമായി ലഭിച്ച മൂന്നേകാൽ സെന്റ് സ്ഥലത്താണ് നിർമ്മാണം വിഭാവനം ചെയ്തത്. പ്രവൃത്തി ടെണ്ടർ ചെയ്ത് കരാറുകാരനെ ഏൽപ്പിക്കുകയും (ശ്രീ.റഷീദ്.പി.), 22.2.2018 ലെ നമ്പർ 72/17-18 പ്രകാരം കരാറിലേർപ്പെടുകയും ചെയ്തു. ഈ പദ്ധതി

പ്രസ്തുത വർഷം നടപ്പാക്കാൻ സാധിക്കാതിരുന്നതിനാൽ 2018-19 വർഷത്തേയ്ക്ക് സ്പിൽഓവർ പദ്ധതിയായി കൊണ്ടുവന്നു (പ്രോ.നം.241/19). എന്നാൽ നിർമ്മാണഘട്ടത്തിൽ അങ്കണവാടിയുടെ അതിരുകൾ കെട്ടേണ്ടത് അനിവാര്യമാണെന്ന് ബോധ്യപ്പെട്ടതിനാലും, ഡ്രൈറബിൾ റിറ്റേയ്നിംഗ് വാളിന്റെ നീളം കൂട്ടേണ്ടതിനാലും , സ്റ്റീൽ റീഇൻഫോഴ്സ്മെന്റ് അളവ് വർദ്ധിപ്പിക്കേണ്ടതിനാലും എസ്റ്റിമേറ്റ് റിവൈസ് ചെയ്യണമെന്ന എഞ്ചിനീയറുടെ ആവശ്യ പ്രകാരം ഇതിനുള്ള അനുവാദം ഭരണസമിതി നൽകി( 4.8.2018 ലെ 32(20)/18 നമ്പർ തീരുമാനം). നിലവിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിലെ 1,82,098.06/-രൂപ വരുന്ന മൂന്നു ഐറ്റംസ് ഒഴിവാക്കി, പകരം അഞ്ചു എക്സ്ട്ര ഐറ്റംസ് ഉൾപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി. ഇതു പ്രകാരം നിർമ്മാണം നടത്തുകയും 3.10.2018 ലെ 34/18-19 നമ്പർ ബില്ലിലൂടെ നിർമ്മാണ തുക (7,49,109/-) കരാറുകാരന് നൽകുകയും ചെയ്തു.

2018-19 വർഷത്തിൽ തന്നെ പ്രോജക്ട് നമ്പർ 93/19 പ്രകാരം തട്ടോർ പറമ്പ് അങ്കണവാടിയുടെ പൂർത്തീകരണം എന്ന പേരിൽ മറ്റൊരു പദ്ധതിയും തയ്യാറാക്കി. മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) വിനിയോഗിച്ച് 5,00,000/- രൂപ അടങ്കലിലാണ് ഇത് തയ്യാറാക്കിയത്. ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഹാളും, അടുക്കളയും, സ്റ്റോറും, ടോയ് ലെറ്റ് എന്നിവയുടെ നിർമ്മാണമാണ് ഇതിലുള്ളതെന്നും, ഇതിനായി എർത്ത് വർക്ക് എസ്കാവേഷൻ, ഡ്രൈറബിൾ മേസൻറി, ആർ.സി.സി., സെന്ററിംഗ് ആന്റ് ഷട്ടറിംഗ് തുടങ്ങിയവ ഉൾപ്പെടുത്തിയിരിക്കുന്നുവെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തൻവർഷം തന്നെ നടപ്പാക്കിയ ഈ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ആദ്യ പദ്ധതിയുടെ യാതൊരു വിവരവും ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ പദ്ധതിയും ടെണ്ടർ ചെയ്ത് ആദ്യ കരാറുകാരന് തന്നെ നൽകുകയും, 7.12.18 ന് കരാറിലേർപ്പെടുകയും ചെയ്തു (നം.69/18-19). ഈ പദ്ധതിയുടെ നിർമ്മാണ ഘട്ടത്തിലും എസ്റ്റിമേറ്റ് റിവൈസ് ചെയ്തു. 98,650.65/-രൂപയുടെ എട്ടോളം ഐറ്റംസ് ഒഴിവാക്കി, അഞ്ചു എസ്ട്രാ ഐറ്റംസ് ഉൾപ്പെടുത്തി. റിവൈസ്ഡ് എസ്റ്റിമേറ്റിനൊപ്പമുള്ള റിപ്പോർട്ടിൽ രേഖപ്പെടുത്തിയത്, അംഗൻവാടി നിർമ്മിക്കുന്ന സ്ഥലം ഗ്രൌണ്ട് ലെവലിനേക്കാൾ രണ്ടു മീറ്ററോളം താഴ്ചയിലായതിനാൽ മണ്ണിട്ട് ഉയർത്തി റോഡ് ലെവലിലേയ്ക്ക് കൊണ്ടു വരേണ്ടത് അനിവാര്യമായതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടി വന്നുവെന്നാണ്. നിർമ്മാണം നടത്തി 13.3.2019 ലെ 100/18-19 നമ്പർ ബില്ലിലൂടെ 4,98,747/- രൂപ കരാറുകാരന് നൽകി.

വീണ്ടും തൻവർഷം ഇതേ അങ്കണവാടിയുടെ പൂർത്തീകരണം റീച്ച് 2 എന്ന പേരിൽ മറ്റൊരു പദ്ധതി 6,04,730/- രൂപ അടങ്കലിൽ തയ്യാറാക്കി(5,72,730/- മെയിന്റനൻസ് റോഡിതരം, 32,000/- വികസന ഫണ്ട് ജനറൽ). ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ അങ്കണവാടിയുടെ ഫിനിഷിംഗ് വർക്കുകളായ പ്ലാസ്റ്ററിംഗ്, പെയിന്റിംഗ്, ഫ്ലോറിംഗ്, ജനലുകളും വാതിലുകളും വയ്ക്കൽ, മുറ്റം ഇന്റർലോക്ക് എന്നിവ ഉൾപ്പെടുത്തിയിട്ടുള്ളതായി രേഖപ്പെടുത്തി. ഇവിടേയും, തൻവർഷം നടപ്പാക്കിയ മേൽ രണ്ടു പദ്ധതികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ഈ പദ്ധതിയും ടെണ്ടർ ചെയ്ത് അതേ കരാറുകാരന് നൽകി (എഗ്രി.നം.118/18-19/19.2.19). ഈ പദ്ധതിയുടെ നിർവഹണ ഘട്ടത്തിലും, പല ഐറ്റംസും ഉൾപ്പെടുത്തേണ്ടതായി വന്നുവെന്ന് കാണിച്ച് എസ്റ്റിമേറ്റ് റിവൈസ് ചെയ്തു. 78,884.18/- രൂപയുടെ അഞ്ചോളം ഐറ്റംസ് ഒഴിവാക്കി, പകരം ഒമ്പത് എക്സ്ട്രാ ഐറ്റംസ് ഉൾപ്പെടുത്തി. എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ 30.11.18 ലെ ഭരണസമിതി തീരുമാനം 42(2)/18 പ്രകാരം അനുമതി നൽകി. ഈ പദ്ധതിയിലും 5,95,804/- രൂപ ചെലവഴിച്ചു.

ഈ പദ്ധതികളുടെ നിർവ്വഹണത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

- എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ അപൂർണ്ണം:- ഒരു കെട്ടിടത്തിന്റെ നിർമ്മാണത്തിനായി മൂന്നു പ്രോജക്ടുകൾ വിഭാവനം ചെയ്തപ്പോഴും, ആദ്യ പദ്ധതികൾ നടത്തിയതിനെ പറ്റിയോ, പുതിയ പ്രോജക്ട് വിഭാവനം ചെയ്തതിന്റെ ആവശ്യകതയെ സംബന്ധിച്ചോ വിവരിച്ചിട്ടില്ല.

- എസ്റ്റിമേറ്റുകൾ ലാഘവത്തോടെ തയ്യാറാക്കുന്നു:- ഒന്നാമത്തെ പദ്ധതിയിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത സമയം എർത്ത് ഫില്ലിംഗ് ഐറ്റം ഒഴിവാക്കിയിരുന്നു. എന്നാൽ രണ്ടാമത്തെ പദ്ധതി വിഭാവനം ചെയ്തപ്പോൾ ഈ ഐറ്റം ഉൾപ്പെടുത്തിയിരുന്നില്ല. പിന്നീട് റിവൈസ് ചെയ്തപ്പോഴാണ് ഇതുൾപ്പെടുത്തിയത്. രണ്ടാമത്തെ പദ്ധതിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തപ്പോൾ എക്സ്ട്രാ ഐറ്റം ആയി സോളിഡ് മേസൻറി കോമ്പൌണ്ട് വാളിനായി ഉൾപ്പെടുത്തുകയും, പ്രവൃത്തി നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ മൂന്നാമത്തെ പ്രോജക്ടിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ വീണ്ടും ഈ പ്രവൃത്തി ഉൾപ്പെടുത്തി.
- ഒരു നിർമ്മാണത്തിന് ഒന്നിലധികം പ്രോജക്ടുകൾ:- ഒരു അങ്കണവാടി കെട്ടിടത്തിന്റെ നിർമ്മാണത്തിന് മൂന്നു പദ്ധതി തയ്യാറാക്കിയതിൽ നിന്നും കൃത്യമായ ആസൂത്രണത്തിലൂടെയല്ല പദ്ധതികൾ വിഭാവനം ചെയ്യുന്നതെന്നും, എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതെന്നും വ്യക്തമാണ്.
- നിർമ്മാണപദ്ധതി പൂർണ്ണമായി തയ്യാറാക്കുന്നില്ല:- സർക്കാർ ഉത്തരവ് നം.11/2018/ ത.സ്വ.ഭ.വ., തിയ്യതി:29.1.2018 ഖണ്ഡിക 3.5.1(9) പ്രകാരം കെട്ടിട നിർമ്മാണ പ്രോജക്ടുകളുടെ കാര്യത്തിൽ അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒറ്റ പ്രോജക്ടാക്കി തയ്യാറാക്കണം. എന്നാൽ മൂന്നു പദ്ധതി തയ്യാറാക്കിയിട്ടും ഇവ ഉൾപ്പെടുത്തിയിട്ടില്ല. ഒരു കെട്ടിട നിർമ്മാണത്തിന് മൂന്നു പദ്ധതികൾ തയ്യാറാക്കാനുണ്ടായ സാഹചര്യം സംബന്ധിച്ചും, മുഴുവൻ പ്രവൃത്തികൾ ഉൾപ്പെടുത്താതിരുന്നതിനെ സംബന്ധിച്ചും ആരാഞ്ഞതിന്, ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് ഇത്തരത്തിൽ ചെയ്തതെന്നാണ് വിശദീകരിച്ചത്
- മൂന്നു പദ്ധതികൾ ആവിഷ്കരിച്ചിട്ടും കെട്ടിടനിർമ്മാണം പൂർത്തീകരിച്ചില്ല:- മൂന്നു വ്യത്യസ്ത പദ്ധതികളിലൂടെ 18,43,660/- രൂപ ചെലവഴിച്ചെങ്കിലും അങ്കണവാടിയുടെ വൈദ്യുതീകരണമോ, കുടിവെള്ളത്തിനുള്ള സംവിധാനങ്ങളോ നിർമ്മിച്ചിട്ടില്ല. ഓഡിറ്റ് ടീം പഞ്ചായത്തിലെ ഓവർസിയറിനൊപ്പം നടത്തിയ സ്ഥലപരിശോധനയിൽ അങ്കണവാടി പ്രവർത്തനം ആരംഭിച്ചതായി കണ്ടു. വൈദ്യുതീകരണം നടക്കാത്തതിനാൽ വെളിച്ചവും, കാറ്റും ലഭിക്കുന്നതിന് സംവിധാനമില്ല. വെള്ളത്തിനായി അടുത്തുള്ള വീടിനെയാണ് ആശ്രയിക്കുന്നത്.

നിർമ്മാണ പ്രവൃത്തികൾക്കായി പദ്ധതികൾ തയ്യാറാക്കുമ്പോൾ മുഴുവൻ പ്രവൃത്തിയും ഉൾപ്പെടും വിധം ഒറ്റ പ്രോജക്ടാക്കി വിഭാവനം ചെയ്യേണ്ടതും, ഫണ്ടുകൾ ആയതിനനുസരിച്ച് വകയിരുത്തേണ്ടതുമാണ്. എസ്റ്റിമേറ്റുകൾ സൈറ്റ് പരിശോധിച്ച് കൃത്യതയോടെ തയ്യാറാക്കണം. ഇത്തരം നിർമ്മാണ പ്രവൃത്തികൾക്ക് കൂടുതൽ സമയം ആവശ്യമാണെന്ന് ബോധ്യമുള്ള പക്ഷം ബഹു വർഷ പ്രോജക്ടുകളാക്കി തയ്യാറാക്കാവുന്നതാണ്. ഇത്തരത്തിൽ തയ്യാറാക്കുന്നത് ഫണ്ടുകളുടെ ലഭ്യത കുറവിന് പരിഹാരമാവുകയും ചെയ്യും. അംഗൻവാടിയുടെ വൈദ്യുതീകരണവും, കുടിവെള്ളത്തിനുള്ള സൗകര്യങ്ങളും ഒരുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-27 സമയബന്ധിതമായി പദ്ധതി നടപ്പാക്കാത്തതിനാൽ സർക്കാർ ഫണ്ടുകൾ

## നഷ്ടപ്പെടുന്നു

പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക പദ്ധതിയ്ക്ക് 26.3.2018 ലെ 53063/2018/DPC/DPO/KKD പ്രകാരവും, സ്പിൽഓവർ പ്രോജക്ടുകൾ ഉൾപ്പെടുത്തിയ വാർഷിക പദ്ധതിയ്ക്ക് 31.5.2018 ലെ ഇതേ നമ്പർ ഉത്തരവു പ്രകാരം പുതുക്കിയ അംഗീകാരവും ലഭിച്ചിട്ടുണ്ട്. വാർഷിക പദ്ധതിയിൽ സ്പിൽഓവർ പദ്ധതികളായി ഉൾപ്പെടുത്തിയ 85 എണ്ണത്തിൽ 82 നം അധികവിഹിതം ലഭിക്കാൻ സാധ്യതയുള്ളവയാണ് (കാറ്റഗറി 1). തൻവർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ 220 പദ്ധതികളിൽ 76 എണ്ണം സ്പിൽഓവർ പദ്ധതികളാണ്. വർഷാവസാനം 148 പദ്ധതികളിൽ ചെലവു നടന്നതിൽ 66 സ്പിൽഓവർ പദ്ധതികളുമുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി വിഭാവനം ചെയ്ത പദ്ധതികളുടെ വിശദാംശം താഴെ ചേർക്കും പ്രകാരമാണ്.

| പ്രോജക്ട് | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|
| പുതിയവ - 144 എണ്ണം | 4,36,09,206 | 2,25,05,723 | 51.6% |
| സ്പിൽഓവർ 76 - എണ്ണം | 2,83,50,311 | 2,05,35,277 | 72.4% |
| ആകെ | 7,19,59,517 | 4,30,41,000 | 59.8% |

മേൽ വിവരിച്ച പ്രകാരം എ.ഇ. നിർവ്വഹണോദ്യോഗസ്ഥനായി ചെലവഴിച്ച ആകെ 4,30,41,000/- രൂപയിൽ 47.7% ഉം ചെലവഴിച്ചത് സ്പിൽഓവർ പദ്ധതികൾക്കാണെന്ന് കാണാം. തൻവർഷം പഞ്ചായത്തിന് ലഭിച്ച ആകെ പ്ലാൻ വിഹിതത്തിന്റെ വിശദാംശവും, ഇതിൽ പൊതുമരാമത്ത് പദ്ധതികൾക്ക് ചെലവഴിച്ച വിഹിതത്തിന്റെ വിശദാംശവും താഴെ ചേർക്കുന്നു.

| ഫണ്ടിനം | തൻവർഷം ലഭിച്ച തുക | ആകെ ചെലവഴിച്ച തുക | പൊതുമരാമത്ത് പ്രവർത്തിയ്ക്ക് ചെലവഴിച്ചത് | ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 2,75,53,000 | 2,73,32,718 | 40,45,953 | 14.8% |
| വികസനഫണ്ട് എസ്.സി.പി | 1,00,27,000 | 84,99,117 | 32,43,327 | 38.1% |
| വികസനഫണ്ട് ടി.എസ്.പി. | 13,86,000 | 13,14,052 | 6,05,964 | 46.1% |
| പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് | 1,27,88,000 | 1,27,79,603 | 1,27,79,603 | 100% |
| സംരക്ഷണഗ്രാന്റ് റോഡ് | 1,46,26,000 | 1,46,03,917 | 1,46,03,917 | 100% |

| | | | | |
|---|---|---|---|---|
| സംരക്ഷണഗ്രാന്റ് റോഡിതരം | 56,18,000 | 54,15,897 | 40,34,335 | 74.5% |
| ആകെ | 7,19,98,000 | 6,99,45,304 | 3,93,13,099 | 56.2% |

മുകളിൽ കൊടുത്ത കണക്കിൽ നിന്നും തൻവർഷം പഞ്ചായത്ത് ചെലവഴിച്ച ആകെ പ്ലാൻഫണ്ടിന്റെ 56.2% ഉം അസിസ്റ്റന്റ് എഞ്ചിനീയറാണ് ചെലവഴിച്ചതെന്ന് കാണാം. അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ കണക്കനുസരിച്ച് തൻവർഷം പ്രവർത്തി പൂർത്തീകരിച്ചിട്ടും ഫണ്ട് ലഭ്യമല്ലാത്തതിനാൽ ബിൽ തുക നൽകാൻ സാധിക്കാത്ത നിരവധി പദ്ധതികളുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| ഫണ്ടിനം | പ്രോജക്റ്റുകളുടെ എണ്ണം | തുക |
|---|---|---|
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 31 | 1,09,31,686/- |
| സംരക്ഷണഗ്രാന്റ് റോഡ് | 16 | 47,99,234/- |
| സംരക്ഷണഗ്രാന്റ് റോഡിതരം | 5 | 8,50,000/- |
| ആകെ | 52 | 1,65,80,920/- |

തൻവർഷം അസിസ്റ്റന്റ് എഞ്ചിനീയർ വിവിധ പദ്ധതികൾക്കായി തുക ചെലവഴിച്ചതിന്റെ (പ്രവർത്തികളുടെ എണ്ണം കണക്കിലെടുത്ത്) വിവരങ്ങൾ ബിൽ ബുക്ക് അടിസ്ഥാനപ്പെടുത്തി കണക്കാക്കിയാൽ ആദ്യ അർദ്ധവർഷത്തിൽ ആകെ പ്രവർത്തികളിൽ 22% പ്രവർത്തികളുടെ പൂർത്തീകരണം മാത്രമേ നടന്നിട്ടുള്ളൂവെന്ന് കാണാം (ആകെ 140 ബില്ലുകളാണ് തൻവർഷ ബിൽബുക്ക് പ്രകാരം മാറിയിട്ടുള്ളത്. ഓരോ ബില്ലും വ്യത്യസ്ത പ്രവർത്തിയുടേതാണെന്ന നിഗമനത്തിലാണ് ഈ കണക്ക് തയ്യാറാക്കിയത്).

| | |
|---|---|
| ജൂൺ 2018 വരെ | 23 |
| സെപ്റ്റംബർ 2018 വരെ | 8 |
| ഡിസംബർ 2018 വരെ | 46 |
| മാർച്ച് 2019 വരെ | 63 |

തൻവർഷത്തെ ടെണ്ടർ നടപടികളുടെ വിശദാംശങ്ങൾ പരിശോധിച്ചാൽ ഇവിടെയും ആദ്യ അർദ്ധവർഷത്തിൽ, ആകെ പദ്ധതികളിൽ മൂന്നിലൊന്ന് പദ്ധതികൾക്കുള്ള നടപടികളേ സ്വീകരിച്ചിരുന്നുള്ളൂവെന്ന് വ്യക്തമാണ്. തൻവർഷത്തെ ആകെ 220 പദ്ധതികളിൽ 56 എണ്ണത്തിന്റെ ടെണ്ടർ നടപടികളാണ് ആദ്യ പകുതിയിൽ ചെയ്തിരുന്നുള്ളൂ. പദ്ധതികളുടെ സമയ ബന്ധിതമായ നിർവ്വഹണത്തിലെ അനാസ്ഥയാണ് ഇതിലൂടെ വെളിവാകുന്നത്. ഇതുമൂലം പൂർത്തീകരിച്ച പദ്ധതികൾക്കും തുക നൽകാനില്ലാത്ത അവസ്ഥയുണ്ടായി.

സ.ഉ.(അ) നം.119/2016/ധന തീയതി 21/03/2015 പ്രകാരം 2015-16 വർഷം മുതൽ പുതിയ ഫണ്ടിംഗ് രീതി നിലവിൽ വരികയും, ഇതു പ്രകാരം സാമ്പത്തിക വർഷം മാർച്ച് 31 നകം ചെലവഴിക്കാൻ കഴിയാത്ത പ്ലാൻഫണ്ട് തുകകൾ തിരിച്ച് സഞ്ചിത നിധിയിലേയ്ക്ക് എടുക്കപ്പെടുകയും, ഈ തുക മുൻവർഷത്തെ സ്പിൽഓവർ പദ്ധതികൾക്കായി തൊട്ടടുത്ത വർഷത്തെ ഫണ്ട് അലോട്ട്മെന്റിനൊപ്പം

അനുവദിക്കുമെന്നും വിവരിക്കുന്നു. സ്പിൽഓവർ പദ്ധതികളുടെ ചെലവ് തൊട്ടടുത്തവർഷം മാർച്ച് 31 വരെ നടത്താമെന്നും മേൽ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകി കൊണ്ടുള്ള സർക്കാർ ഉത്തരവ് നമ്പർ 11/2018/ ത.സ്വ.ഭ.വ., തിയ്യതി:29.01.2018 ലെ ഖണ്ഡിക 10 ൽ സ്പിൽഓവർ പ്രോജക്ടുകൾ ഉൾപ്പെടുത്തി വാർഷിക പദ്ധതി പുതുക്കേണ്ടതിന്റെ വിവരങ്ങൾ വിശദീകരിച്ചിട്ടുണ്ട്. ഇതു പ്രകാരം നിർവ്വഹണ നടപടികൾ ആരംഭിക്കാത്ത പ്രോജക്ടുകളിൽ നടപ്പാക്കേണ്ടതില്ലെന്ന് കണ്ടെത്തുന്നവ ഒഴിവാക്കാവുന്നതാണെന്നും, നിർബന്ധമായും തുടരേണ്ടതുണ്ടെന്ന് കണ്ടെത്തുന്ന പ്രോജക്ടുകളിൽ ഭേദഗതിയില്ലാത്തവ തദ്ദേശഭരണ സ്ഥാപനത്തിന്റെ തീരുമാന പ്രകാരം ഏപ്രിൽ ഒന്നു മുതൽ തുടർന്ന് നടപ്പാക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇവയുടെ നിർവ്വഹണം തുടരുന്നതിന് വെറ്റിംഗ് ഓഫീസറുടേയോ, ജില്ലാ ആസൂത്രണ സമിതിയുടേയോ അംഗീകാരം ആവശ്യമില്ലയെന്നും വ്യക്തമായി വിവരിക്കുന്നു. പദ്ധതിയുടെ പ്രവർത്തനത്തിലോ, അടങ്കൽ തുകയിലോ ഭേദഗതി ആവശ്യമായവയ്ക്ക് വെറ്റിംഗ് ഓഫീസറുടേയും, ജില്ലാ ആസൂത്രണ സമിതിയുടേയും അംഗീകാരം വേണമെന്നും, ഇത്തരത്തിൽ ഭേദഗതി ചെയ്യുന്ന സ്പിൽഓവർ പദ്ധതികൾക്ക് ക്യാരി ഓവർ വിഹിതം ലഭിക്കില്ലെന്നും, ഇതിനു വേണ്ടുന്ന തുക തൻവർഷ വാർഷിക പദ്ധതിയ്ക്ക് ലഭ്യമായ വിഹിതത്തിൽ നിന്ന് കണ്ടെത്തേണ്ടതാണെന്നും ഈ ഉത്തരവിൽ തന്നെ വിവരിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ തൻവർഷ വാർഷിക പദ്ധതിയിൽ സ്പിൽഓവർ പദ്ധതികളായി ഉൾപ്പെടുത്തിയ 85 എണ്ണത്തിൽ 82 നും അധികവിഹിതം ലഭിക്കാൻ സാധ്യതയുള്ളവയാണ്(കാറ്റഗറി 1). ഇതിൽ 76 എണ്ണവും പൊതുമരാമത്ത് പ്രവർത്തികളായിരുന്നു. 100% വികസനഫണ്ട് വിനിയോഗിച്ച്, സ്പിൽഓവർ പദ്ധതികൾക്കുള്ള അധികവിഹിതം ആവശ്യപ്പെട്ട പല സ്ഥാപനങ്ങൾക്കും മുൻവർഷങ്ങളിൽ സർക്കാർ തുക അനുവദിച്ചിട്ടുണ്ട് (സ.ഉ.(സാധാ) നം. 3088/2018/ധന, തീയതി, 31.03.2018). പൊതുമരാമത്ത് പദ്ധതികളുടെ ആകെ ചെലവിന്റെ പകുതിയോളവും സ്പിൽഓവർ പദ്ധതികൾക്കായി ചെലവഴിച്ച സാഹചര്യത്തിലും, സർക്കാരിൽ നിന്നും അധികവിഹിതം ലഭിക്കുന്നതിനുള്ള ശ്രമങ്ങൾ ഗ്രാമപഞ്ചായത്ത് എടുത്തതായി കാണുന്നില്ല. തൻവർഷ വികസന പ്രവർത്തനങ്ങൾക്ക് ലഭിച്ച തുകയാണ് ഇത്തരത്തിൽ നഷ്ടപ്പെടുന്നത്.

പദ്ധതി നിർവ്വഹണത്തിൽ കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണങ്ങളും, ലഭ്യമാകുമായിരുന്ന അധിക ഫണ്ട് ലഭ്യമാക്കാൻ എടുത്ത നടപടികളും വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കി. "താൻ 2018 നവംബർ മാസത്തിലാണ് പുതുപ്പാടി പഞ്ചായത്തിൽ ചുമതലയേൽക്കുന്നതെന്നും, മറ്റൊരു പഞ്ചായത്തിന്റെ ചുമതലകൂടിയുണ്ടായിരുന്നതിനാൽ ജോലിഭാരം കാരണമാണ് ഇത്തരത്തിൽ സംഭവിച്ചത് എന്നുമാണ്". എന്നാൽ അധികഫണ്ട് ലഭ്യമാക്കാൻ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങളെ കുറിച്ച് പഞ്ചായത്തിൽ നിന്നും മറുപടി ലഭിച്ചില്ല. മുകളിൽ വിവരിച്ചതിൽ നിന്നും പ്രവർത്തികളുടെ ബാഹുല്യവും, പദ്ധതി നിർവ്വഹണ നടപടികളിലെ മെല്ലെപ്പോക്കും ഈയവസ്ഥയ്ക്ക് പ്രധാന കാരണമാണെന്ന് വ്യക്തമാണ്. തൻവർഷത്തിൽ ലഭിക്കാൻ സാധ്യതയുള്ള ആകെ പദ്ധതി തുകയ്ക്ക് ആനുപാതികമായി മാത്രം പദ്ധതികൾ തയ്യാറാക്കുകയോ (സ്പിൽ ഓവർ ഉൾപ്പെടെ), അതെല്ലെങ്കിൽ സ്പിൽഓവർ പദ്ധതികളുടെ പ്രവർത്തനങ്ങൾ വർഷാരംഭത്തിൽ തന്നെ പൂർത്തീകരിച്ച് ലഭിക്കാൻ സാധ്യതയുള്ള അധിക വിഹിതത്തിനായി സർക്കാരിനെ സമീപിക്കുകയോ ചെയ്യേണ്ടത് അനിവാര്യമാണ്. ഇല്ലെങ്കിൽ തുടർവർഷങ്ങളിലും ഇതു തുടരുന്ന സാഹചര്യമുണ്ടാകും. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-28 'കാരുണ്യ' ഭവന പദ്ധതി-പണി പൂർത്തീകരിച്ച ഗുണഭോക്താക്കൾക്ക് വാഗ്ദാനംചെയ്ത തുക മുഴുവൻ നൽകിയിട്ടില്ല

പഞ്ചായത്തിലെ 21 വാർഡുകളിൽ നിന്നായി ഗുണഭോക്താക്കളായ 105 ഭവനരഹിതർക്ക് വീട് നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ 2015-16 ൽ കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും വായ്പയെടുത്തിരുന്നു. 96 ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിൽ 2 ലക്ഷം വീതം 93 പേർക്ക് നൽകാനായി കരാർ വെക്കുകയും ചെയ്തു. ഇതിൽ 49 പേർ പണി പൂർത്തീകരിച്ച് 98 ലക്ഷം രൂപ കൈപ്പറ്റുകയും ചെയ്തു. ശേഷിക്കുന്ന പണിമുടങ്ങി കിടന്നിരുന്ന 44 പേരേയും സർക്കാരിന്റെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയെങ്കിലും ഭവനനിർമ്മാണം നേരത്തെ പൂർത്തികരിച്ചതിനാൽ 32 പേർക്ക് ധനസഹായം നൽകാൻ സാധിച്ചിട്ടില്ല. ഇതിൽ 12 പേർ ലൈഫ് ഫെയ്സ് -1 പ്രകാരം പൂർത്തികരിച്ച മുറക്ക് ധനസഹായം നൽകി.

പദ്ധതിയിൽ ബാക്കിയുള്ള 32 പേരും പണി പൂർത്തിയാക്കിയതായി വി.ഇ.ഒ, സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും അവർക്ക് വിവിധ ഘട്ടങ്ങളിലായി നൽകാൻ അവശേഷിക്കുന്ന തുക നൽകിയിട്ടില്ല.

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ (ലോക്കൽ ഫണ്ട് ഓഡിറ്റ് ) 2015-16 ലെ ഓഡിറ്റ് റിപ്പോർട്ടിൽ ടി പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ പരാമർശിച്ചിട്ടുണ്ടെങ്കിലും ആയത് തീർപ്പാക്കിയിട്ടില്ല. എന്നിരുന്നാലും പഞ്ചായത്ത് അനുമതി നൽകി ഭവന നിർമ്മാണം നടത്തിയ ഗുണഭോക്താക്കൾക്ക് പഞ്ചായത്ത് വാഗ്ദാനം ചെയ്ത തുക (ആനുപാതികമായ തുക) നൽകേണ്ടത് ഗ്രാമപഞ്ചായത്ത് അധികൃതരുടെ ചുമതലയാണ്.

അടിയന്തിരമായി മേൽ പദ്ധതി പൂർത്തികരിച്ച ഗുണഭോക്താക്കൾക്ക് അവർക്കർഹതപ്പെട്ട തുകകൾ ലഭിയ്ക്കുന്നതിനുള്ള ബദൽ മാർഗ്ഗങ്ങൾ കൈകൊള്ളേണ്ടതാണ്.

# 1-29 കാരുണ്യ ഭവന പദ്ധതി വായ്പ – തിരിച്ചടവിൽ അപാകത

ഗ്രാമപഞ്ചായത്ത് 2015-16 വർഷം മുതൽ നടപ്പാക്കി വരുന്ന കാരുണ്യഭവന പദ്ധതിയ്ക്കായി കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 1,45,20,000/- രൂപ വായ്പയെടുത്തിട്ടുണ്ട് (ഇതു സംബന്ധിച്ച വിശദാംശങ്ങൾ 2015-16 വർഷ റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുണ്ട്). വായ്പയെടുക്കാൻ അനുമതി നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവിൽ വായ്പയുടെ മുതൽ തിരിച്ചടവ് വികസന ഫണ്ടിൽ നിന്നും നടത്താമെന്നും, പലിശ തനതുഫണ്ടിൽ നിന്നും കണ്ടെത്തണമെന്നും നിഷ്കർഷിക്കുന്നു. ബാങ്കുമായുള്ള കരാറിൽ, മുതൽ തിരിച്ചടവ് 10% വീതം ഓരോ വർഷവും വികസനഫണ്ടിൽ നിന്നും നടത്തുന്നതാണെന്ന് വിവരിച്ചിട്ടുണ്ട്. 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിൽ ഈ വായ്പയുടെ തിരിച്ചടവ് വിശദാംശം താഴെ ചേർക്കും പ്രകാരമാണ്.

| വർഷം | തുക |
|---|---|
| 2016-17 | 20,00,000 |
| 2017-18 | 18,25,000 |

| | |
|---|---|
| 2018-19 | 10,36,990 |
| | 17,18,703 |

മേൽ തിരിച്ചടവിൽ അവസാനത്തെ 17,18,703/-രൂപയൊഴികെ ബാക്കി തുകയെല്ലാം വികസനഫണ്ടിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളത്. ബാങ്കിന്റെ ലോൺ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നത്, ഓരോ മാസത്തിലും പലിശയിനത്തിൽ വരുന്ന തുകയുൾപ്പെടെയാണ് ആകെ ലോൺ തുക ബാങ്ക് കണക്കാക്കുന്നത്. മേൽ വിവരിച്ച ഓരോ തിരിച്ചടവും ഈ ആകെ തുകയിലേയ്ക്കാണ് വരവു വയ്ക്കുന്നത്. അതായത് തിരിച്ചടവ് തുകയിൽ എത്ര വീതം തുക മുതലിലേയ്ക്കും, പലിശയിലേയ്ക്കും വരവു വയ്ക്കുന്നുവെന്ന് രേഖപ്പെടുത്തുന്നില്ല. ഈ രീതിയിൽ ചെയ്യുന്നതിനാൽ സർക്കാർ നിർദ്ദേശം പാലിക്കും വിധം മുതൽ തുക മാത്രമാണ് വികസനഫണ്ടിൽ നിന്നും ചെലവഴിക്കുന്നുള്ളൂവെന്ന് ഉറപ്പുവരുത്താൻ സാധിക്കുന്നില്ല.

കഴിഞ്ഞ മൂന്ന് വർഷങ്ങളിലായുള്ള ലോൺ തിരിച്ചടവ് വിശദാംശങ്ങൾ പരിശോധിച്ചതിൽ, ട്രഷറിയിൽ നിന്നും ബിൽ മുഖേന മാറുന്ന തുക ബാങ്കിൽ വരവു വയ്ക്കുന്നതിൽ കാലതാമസം കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ.നം. | വർഷം | മുതൽ തിരിച്ചടവ് | ട്രഷറി ബിൽ നം./തിയ്യതി | ബാങ്കിൽ വരവു വച്ച തിയ്യതി/കാലതാമസം |
|---|---|---|---|---|
| 1. | 2016-17 | 20,00,000/- | 21/16-17/ 17.3.2017 | 10.5.2017, 55 ദിവസം |
| 2. | 2018-19 | 10,36,990/- | 22/18-19/ 27.9.2018 | 12.10.2018, 15 ദിവസം |

ബാങ്കുമായുള്ള കരാർ പ്രകാരം 14% പലിശ നിരക്കിലാണ് ലോൺ ലഭ്യമാക്കിയിട്ടുള്ളത്. മേൽ വിവരിച്ച രീതിയിൽ തിരിച്ചടവ് തുക വൈകി ബാങ്കിൽ വരവു വയ്ക്കുന്നതു മൂലം പലിശയിനത്തിൽ വൻതുക അധികം നൽകേണ്ടി വന്നിട്ടുണ്ട്. തുക ട്രഷറിയിൽ നിന്നും മാറിയതിനു ശേഷം ഇത്തരത്തിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമായില്ല. നാളിതുവരെയുള്ള വായ്പയുടെ തിരിച്ചടവിൽ മുതൽ, പലിശ എന്നിവയുടെ കൃത്യമായ വിവരങ്ങൾ, വികസനഫണ്ടിൽ നിന്നും പിൻവലിച്ച് നൽകിയ തുക മുതലിലേയ്ക്ക് ക്രമപ്പെടുത്തിയതിന്റെ വിവരം എന്നിവ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

# 1-30 സംയുക്ത പ്രോജക്ടുകൾ - ചെലവഴിക്കാത്ത തുക തിരികെ നൽകിയില്ല

പുതുപ്പാടി ഗ്രാമപഞ്ചായത്തിൽ വിവിധ വർഷങ്ങളിലായി ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുമായി സംയുക്തമായി നടപ്പാക്കിയ പദ്ധതികളിൽ വിനിയോഗിക്കാത്ത ബാക്കി തുക അതാതു തദ്ദേശ സ്ഥാപനങ്ങൾക്ക് തിരികെ നൽകിയില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 5,10,000 | എസ്.സി.ശ്മശാനം | -- | 5,10,000 |
| | 2016-17 | 5,00,000 | പോത്തുകുട്ടി പരിപാലനം | 60,000 | 4,40,000 |
| | 2018-19 | 3,75,918 | ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 3,62,000 | 13,918 |
| ആകെ | | | | | 9,63,918 |

മേൽ പദ്ധതികളെല്ലാം പൂർത്തീകരിക്കുകയോ/അവസാനിപ്പിക്കുകയോ ചെയ്തവയാണെന്നിരിക്കെ പ്രസ്തുത തുകകൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരികെ നൽകേണ്ടതാണ്. തുക തിരികെ അടവാക്കിയതിന്റെ വിശദാംശം അറിയിക്കേണ്ടതാണ്.

# 1-31 വീടുകളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കൽ -പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ

പ്രൊജക്ട് നമ്പർ : 218/19(S.O)

അടങ്കൽ : 734800/- (വികസനഫണ്ട്)

ചെലവ് : 319600/-

നിർവ്വഹണം : സെക്രട്ടറി

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്ന് ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ കൈയ്യൊഴിയുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. ആയതിന് വാഹന വാടകയും അനുബന്ധ ചെലവുകൾക്കുമായി 319600/- രൂപ ചെലവഴിച്ചു.

**മേൽ പദ്ധതി പ്രകാരം മാലിന്യം കൈയ്യൊഴിയുന്നതിനായി ടെണ്ടർ വിളിച്ചതിൽ നിന്ന് ഒലീന മഹിള സമാജത്തിന്റെ ടെണ്ടർ, ശുചിത്വമിഷന്റെ അംഗീകാരവും പ്രവൃത്തി മികവും കണക്കിലെടുത്ത് 15.03.2018 ലെ 10(6)18-ലെ ഭരണസമിതി തീരുമാനപ്രകാരം അംഗീകരിച്ചിരുന്നു. പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ സാക്ഷ്യപ്പെടുത്തലിന്റെയും ഭരണസമിതിയുടെ 04.08.2018 ലെ 32(2)/18-1നമ്പർ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ ഒലീന എന്ന സ്ഥാപനത്തിന് പ്രവൃത്തി നടത്തുന്നതിനും 655.96M3 മാലിന്യം ഘനമീറ്ററിന് 500/- രൂപ നിരക്കിൽ 327980/- രൂപ അനുവദിക്കുകയുണ്ടായി .**

**01.02.2018 ലെ എ2-1157/17 നമ്പർ ടെണ്ടർ പരസ്യം (ഖരമാലിന്യം നീക്കം ചെയ്യൽ) പ്രകാരം ഒരു ലോഡ് ഖരമാലിന്യം നീക്കം ചെയ്യുന്നതിനുള്ള വ്യവസ്ഥയിലാണ് ടെണ്ടർ ക്ഷണിച്ചത്. ആയത്**

പ്രകാരം രണ്ട് സ്ഥാപനങ്ങൾ ടെണ്ടർ നൽകി. കമ്പറേറ്റീവ് സ്റ്റേറ്റ്മെന്റ് പ്രാകരം കളർ കേരള 15900/- രൂപ (ഒരു ലോറി ലോഡിന്റെ സംഖ്യ), ഒലീന മഹിള സമാജം 16000/-രൂപ.

തുടർന്ന് 05.03.2019 ന് ഒലീനയുമായി നെഗോഷിയേഷൻ നടത്തിയതായി ഫയലിൽ കാണുന്നു.05.03.2018 ലെ ഒലീനയുടെ സമ്മത പത്ര പ്രകാരം ഒരു ക്യൂബിക്കിന് 500/- രൂപ നിരക്കിൽ മാലിന്യം നീക്കം ചെയ്യാൻ ധാരണയായി.

പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ടെണ്ടർ വ്യവസ്ഥ പ്രകാരം ഒരു (ലോഡ്)ലോറി അളവിൽ ഖരമാലിന്യ നീക്കുന്നതിനാണ് ടെണ്ടർ ക്ഷണിച്ച് കാണുന്നത്. എന്നാൽ കരാർ ചമച്ചത് ക്യൂബിക്ക് മീറ്റർ നിരക്കിൽ നീക്കം ചെയ്യുന്നതിനാണ്. പ്രവൃത്തിയുടെ പൂർത്തികരിച്ച തുക നൽകിയതും ക്യൂബിക്ക് അളവിലാണ്. ടെണ്ടറിൽ പറയാത്ത വ്യവസ്ഥകൾ പ്രകാരം പ്രവൃത്തി നടത്തിയത് ടെണ്ടർ വ്യവസ്ഥയുടെ ലംഘനമാണ് .
2. മേപ്പടി ഒലീന എന്ന സ്ഥാപനം 2014 -ൽ പ്ലാസ്റ്റിക് അടക്കമുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുവാൻ കിലോഗ്രാമിന് കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷന് 3.75 രൂപ നിരക്കിലും കണ്ണൂർ നഗരസഭക്ക് കിലോഗ്രാമിന് 5/ രൂപ നിരക്കിലും പ്രവൃത്തി നടത്തുവാൻ വർക്ക് ഒർഡർ നൽകിയതായുള്ള രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. അപ്രകാരമുള്ള കിലോ നിരക്കിൽ പുതുപ്പാടി പഞ്ചായത്തും കരാറിൽ ഏർപ്പെട്ടിരുന്നെങ്കിൽ പ്രസ്തുത പ്രവൃത്തിക്ക് നൽകിയ ഭീമമായ ചെലവ് കുറക്കാമായിരുന്നു. കാരണം ക്യൂബിക്ക് അളവിൽ മാലിന്യം നീക്കം ചെയ്യാൻ കരാറിൽ ഏർപ്പെട്ടതിനാൽ പ്ലാസ്റ്റിക് മാലിന്യം ശരിയാംവിധം കംപ്രസ് ചെയ്ത് കയറ്റിയില്ലെങ്കിൽ ഘന അളവ് വലിയ തോതിൽ കൂടുകയും ആയതിന് അനുസൃതമായി തുക നൽകേണ്ടി വരുന്നതുമാണ്.
3. ടെണ്ടർ പ്രകാരം ഒരു ലോഡ് ലോറിക്ക് 16000/- രൂപക്ക് നീക്കം ചെയ്യാമെന്ന് കുലീന മഹിളാ സമാജം ഓഫർ നൽകിയിരുന്നു.

   മാലിന്യം നീക്കം ചെയ്തതുമായി ബന്ധപ്പെട്ട് അസി. എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയ പട്ടിക പ്രകാരം 16 ലോറികളിലായാണ് മാലിന്യം നീക്കം ചെയ്തത്. ആയതിന് ക്യൂബിക് അളവിൽ 319600/- രൂപ നൽകുകയുണ്ടായി. എന്നാൽ ലോഡ് ഒന്നിന് ടെണ്ടർ വ്യവസ്ഥ പ്രകാരമായിരുന്നു നൽകിയിരുന്നതെങ്കിൽ 16 ലോറി ലോഡിന് (16x16000 രൂപ) 256000/- രൂപയെ ആകുമായിരുന്നുള്ളൂ. ക്യൂബിക് തോതിൽ തുക നൽകിയതു വഴി മാത്രം 63600/- രൂപ പഞ്ചായത്തിന് നഷ്ടപ്പെട്ടതായി ഓഡിറ്റ് വിലയിരുത്തുന്നു.

മേൽ പറഞ്ഞ ന്യൂനതകൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/5.10.19) മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-32 എസ്.എസ്.എ -പദ്ധതി: അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഹെഡ് മാസ്റ്റർ

പ്രൊജക്റ്റ് നമ്പർ -29/19 ബിൽ തുക – 700,000/-(gen)

ബിൽ നമ്പർ – 1/14-7-2018

പ്രൊജക്റ്റ് നമ്പർ – 26/19 ബിൽ തുക -200,000/-(sc)

ബിൽ നമ്പർ – 2/14-7-2018

പ്രൊജക്ട് – എസ്.എസ്.എ പഞ്ചായത്ത് വിഹിതം നൽകൽ

പുതുപ്പാടി ഗ്രാമപഞ്ചായത്ത് എസ്.എസ്.എ വിഹിതമായി 700000/- + 200000/-രൂപ നൽകിയിട്ടുണ്ട്. ജി.ഒ. (എം.എസ്)11/2018/ത.സ്വ.ഭ.വ തി.29-01-2018 ഉത്തരവ് 7.6.3 അനുസരിച്ച് എസ്.എസ്.എ.യുടെ പ്രൊജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖ്യപങ്ക് വഹിക്കേണ്ടതാണ്. പഞ്ചായത്ത് തുക കൈമാറിയതല്ലാതെ എസ്.എസ്.എയുടെ പ്രൊജക്ടുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ക്രിയാത്മകമായ ഇടപെടലുകളൊന്നും നടത്തിയിട്ടില്ല. പ്രൊജക്ട് രൂപീകരണത്തിൽ ഇടപെടൽ നടത്തേണ്ടിയിരുന്ന വിവിധ ഘടകങ്ങളായ വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ്കമ്മറ്റി, പഞ്ചായത്ത് ഭരണസമിതി എന്നിവയ്ക്ക് എസ്.എസ്.എ പ്രൊജക്ടുകളെ കുറിച്ച് കൃത്യമായ ഇടപെടൽ നടത്താൻ സാധിച്ചിട്ടില്ല. പഞ്ചായത്ത് പരിധിയിൽ തുക ചിലവഴിച്ച സ്കൂളുകൾ ചിലവിൻെറ മറ്റ് വിശദാംശങ്ങൾ എന്നിവ ലഭ്യമല്ല. ഇതു കാരണം ജി.ഒ (എം.എസ്)11/2018/ത.സ്വ.ഭ.വ തി.29-01-2018 13.1 അനുസരിച്ചുള്ള മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനം ഭരണസമിതിക്കും നൽകുക എന്ന പ്രക്രിയ ഇവിടെ സാധ്യമായിട്ടില്ല. കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭിച്ചതിനു ശേഷവും മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തി മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കേണ്ടതുണ്ട്. മേൽ പറഞ്ഞ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

മേൽ പറഞ്ഞ ന്യൂനതകൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/5.10.19) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതും കൈപ്പറ്റ് രശീതി, വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

# 1-33 ബഡ്സ് സ്ക്കൂളിലെ കുട്ടികൾക്ക് അനുപൂരക പോഷകാഹാരം നൽകൽ- ഭക്ഷണ സാധനങ്ങൾ സ്റ്റോക്കിൽ ഉൾപ്പെടുത്തിയില്ല

നിർവ്വഹണം : ഐ.സി.ഡി.എസ് സൂപ്പർവൈസർ

പദ്ധതി നമ്പർ : 344/19

അടങ്കൽ : 100000/- (തനത് ഫണ്ട്)

ചെലവ് : 61993/-

ബഡ്സ് സ്കൂളിലേക്ക് ഭക്ഷണ സാധനങ്ങൾ വാങ്ങി നൽകുന്നതാണ് പദ്ധതി. വിവിധ ബില്ലുകൾ പ്രകാരം ഭക്ഷ്യ ധാന്യങ്ങൾ നൽകിയതിന്റെ വിശദാംശങ്ങൾ പരിശോധിച്ചതിൽ താഴെ കാണിച്ച സപ്ലൈയിക്കോയുടെ ഇൻവോയിസ് പ്രകാരം ഉള്ള ഭക്ഷ്യ വസ്തുക്കൾ ലഭിച്ചതിന്റെ വരവ് സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഇൻവോയിസ് നമ്പർ : 1104128/18464

തീയ്യതി : 01.07.2019

തുക : 9850/-

ചെക്ക് നമ്പർ : 1939464 /21.02.2019

| ക്രമ നമ്പർ | സാധനങ്ങളുടെ ഇനം | എണ്ണം /അളവ് | തുക |
|---|---|---|---|
| 1 | മുളക് പൊടി | 8 | 345.92 |
| 2 | മല്ലിപൊടി | 8 | 298.08 |
| 3 | മഞ്ഞൾ പൊടി | 2 | 92.92 |
| 4 | മീറ്റ് മസാല | 2 | 59.52 |
| 5 | സാമ്പാർ പൊടി | 4 | 98.72 |
| 6 | പെരുംജീരകം | 3 | 53.55 |
| 7 | പുളി(200gm) | 3 | 124.95 |
| 8 | കുരുമുളക് പൊടി | 1 | 41.41 |
| 9 | ദാഹമുക്തി | 4 | 57 |
| 10 | ഡിഷ് വാഷ് | 2 | 57 |
| 11 | കടുക് | 600gm | 36 |
| 12 | ജീരകം | 250gm | 62.25 |
| 13 | ഉപ്പ് | 4 | 33.48 |
| 14 | ശർക്കര | 5 kg | 218.00 |
| | | ആകെ | 1578.80 |

മേൽ കാണിച്ച ഭക്ഷ്യ ധാന്യങ്ങൾ ബഡ്സ് സ്കൂളിനായി വാങ്ങിയത് സ്കൂളിലെ സ്റ്റോക്ക് രജിസ്റ്ററിൽ വരവ് വെക്കാതിരുന്നതിനാൽ ബന്ധപ്പെട്ട സാധനങ്ങളുടെ വില 1579 രൂപ നിർവഹണ ഉദ്യോഗസ്ഥൻ

പഞ്ചായത്തിന്റെ തനത് ഫണ്ടിൽ തിരിച്ചടവാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 19/05.10.2019 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പറഞ്ഞ ന്യൂനതകൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/5.10.19) മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-34 കൃഷിഭവൻ -കുടിവെള്ളം ലഭ്യമാക്കൽ പദ്ധതി -പൂർത്തീകരണ വിവരം ലഭ്യമല്ല

പ്രൊജക്റ്റ് നമ്പർ : 153/19

അടങ്കൽ : 40000

ചെലവ് : 37320

നിർവ്വഹണം : സെക്രട്ടറി

**കുഴൽ കിണർ കുഴിക്കുന്ന പദ്ധതിക്കായി ഭൂജല വകുപ്പിൽ നിന്നും കുഴൽ കിണർ പര്യവേക്ഷണ റിപ്പോർട്ട്, എസ്റ്റിമേറ്റ് (37320/-) എന്നിവ ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ കൃഷിഭവനിൽ കുഴൽ കിണറിനാണ് 37320/-രൂപ ഡെപ്പോസിറ്റ് ചെയ്യാൻ ഗ്രാമപഞ്ചായത്ത് തീരുമാനിച്ചു. രണ്ട് അങ്കണവാടികൾ ഉൾപ്പടെ മൊത്തം എസ്റ്റിമേറ്റ് തുക 105980/- രൂപ സെക്രട്ടറിയുടെ 14.02.2019-ലെ എ2-714/19 നമ്പർ ഉത്തരവ് പ്രകാരം ഗ്രൗണ്ട് വാട്ടർ അതോറിറ്റിക്ക് അടവാക്കി. ഇതിന്റെ അടിസ്ഥാനത്തിൽ 20.03.2019 -ൽ ചമച്ച കരാർ ഉടമ്പടിയും ഫയലിൽ ഉണ്ട്.**

**20.03.2019 -ന് ഭൂജല വകുപ്പിന്റെ ടി.എസ്.ബി അക്കൗണ്ട് 716011400000077 – ലേക്ക് മൊത്തം 105980/- രൂപ ഗ്രാമപഞ്ചായത്ത് അടച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തി നടന്നതുമായി ബന്ധപ്പെട്ട യാതൊരു രേഖയും ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. കുടിവെള്ളം നാളിതുവരെ (30.09.2019 വരെ) ലഭ്യമാക്കിയിട്ടില്ല എന്നാണ് കൃഷി ഓഫീസർ ഓഡിറ്റിൽ വ്യക്തമാക്കിയത് .**

**മേൽ പറഞ്ഞ പദ്ധതി സംബന്ധിച്ച് തുടർ നടപടി വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നമ്പർ – 21/19 05.10.2019 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 37320/- രൂപ തടസ്സപ്പെടുത്തുന്നു.**

# 1-35 ബഡ്സ് സ്ക്കുൾ സാധനങ്ങൾ വാങ്ങൽ -പദ്ധതി നടപ്പാക്കിയതിലെ പോരായ്മകൾ.

പ്രൊജക്റ്റ് നമ്പർ : 169/19

അടങ്കൽ : 1250000 (സംസ്ഥാനവിഷ്കൃത ഫണ്ട്)

ചെലവ് : 533696/-

നിർവ്വഹണം : അസി. സെക്രട്ടറി

മേൽ പ്രൊജക്റ്റിൽ ബഡ്സ് സ്കൂളിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഫർണിച്ചർ, ഉപകരണങ്ങൾ വാങ്ങൽ എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.

പദ്ധതിക്കാവശ്യമായ വിവിധ സാധനങ്ങൾ മൊത്തമായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയത് (രസീത് നമ്പർ.11656/15.12.18 തുക. 533696/-രൂപ)

ഗവൺമെന്റ് സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ (തിരുവനന്തപുരം)(RefNo.SPDR/2018/0015) സർട്ടിഫിക്കറ്റ് പ്രകാരം കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് (KSIE) എന്ന സ്ഥാപനത്തിനെ 24.04.2019 വരെ സർക്കാരിന്റെ അംഗീകൃത വിതരണക്കാരായി അനുമതി നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനത്തിൽ നിന്നും വാങ്ങാൻ അനുമതിയുള്ള സാധന സാമഗ്രികളുടെ പട്ടികയിൽ ഉൾപ്പെടാത്ത സാധനങ്ങൾ വാങ്ങിയതായി കണ്ടു.

ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇൻവോയിസ് നമ്പർ തീയ്യതി | വിവരണം | തുക |
|---|---|---|---|
| 1 | CLTBCO32<br>31.10.18 | സ്റ്റീൽ ഫുഡ് കണ്ടെയ്നർ ,സി.പി.ചെയർ (2)<br>സീറ്റ് ബെൽറ്റ് ചെയർ(2) | 40841.48 |
| 2 | CLTBCO 52 | ആംലെസ് ഫൈബർ ചെയർ-20 നിൽക്കമൽ | 9726.00 |
| 3 | CLTBCO 54 | എസ്.എസ്.പ്ലെയിറ്റ് ,പ്ലാസ്റ്റിക് ഇനങ്ങൾ, ഗ്യാസ്, മിക്സി, തുടങ്ങിയവ (ക്രമനമ്പർ 15-21ഒഴികെ) | 42364 |
| 4 | CLTBCO 55 | പ്ലാസ്റ്റിക് മറ്റ് ഹൗസ് ഓൾഡ് ഇനങ്ങൾ<br>(ക്രമനമ്പർ 1-26) | 22987 |
| 5 | CLTBCO57 | മെറിറ്റ് തയ്യൽ മെഷീൻ, ബേബി ചെയർ, പ്ലാസ്റ്റിക് ചെയർ, വീഗാഡ് മോട്ടോർ പമ്പ് തുടങ്ങിയവ, ക്രമ നമ്പർ .10,14,15 ഒഴികെ | 40475 |
| | | ആകെ | 156393.48 |

വിവിധ ഇനം സാധനങ്ങൾ വാങ്ങുമ്പോൾ അവ ഇനം തിരിച്ച് വ്യത്യസ്ത വിഭാഗങ്ങളിലാക്കി ക്വട്ടേഷൻ ടെണ്ടർ ചെയ്യേണ്ടതായിരുന്നു. കൂടാതെ സാധനങ്ങൾ വാങ്ങിയത് സർക്കാരിന്റെ വ്യവസായ വകുപ്പിന്റെ കീഴിയിലുള്ള പൊതുമേഖല സ്ഥാപനമായിരുന്നാലും 50% സാധനങ്ങളെങ്കിലും അവ നിർമ്മിച്ചവയായിരിക്കണം (സ.ഉ(കൈ) നം.01/2016/എസ്.പി.സി/18.12.16) സ്ഥാപനത്തിന്റെ വിവിധ ഇൻവോയിസുകൾ പരിശോധിച്ചതിൽ അമ്പത് ശതമാനം സാധനങ്ങളും അവർ നിർമ്മിച്ച സാധനങ്ങൾ തന്നെയാണോ നൽകിയതെന്നും വ്യക്തമാകുന്നില്ല.

KSIE -യുടെ അംഗീകൃത പട്ടികയിൽ പെടാത്ത സാധനങ്ങൾ വാങ്ങിയത് പദ്ധതി നടത്തിപ്പിലെ ശരിയായ നടപടിയല്ല. മേൽ പറഞ്ഞ അപാകതകൾ തുടർ വർഷങ്ങളിൽ

ആവർത്തിക്കാതിരിക്കേണ്ടതാണ്.

മേൽ പറഞ്ഞ ന്യൂനതകൾക്ക് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/5.10.19) മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-36 ഗ്രാമപഞ്ചായത്തിന്റെ അറിവോ, അനുമതിയോ ഇല്ലാതെ കെട്ടിട നിർമ്മാണം നടത്തുന്നു.

1. അനുമതി ഇല്ലാതെ ആരാധാനാലയത്തിന്റെ നിർമ്മാണം നടത്തുന്നു.

ഫയൽ - എ6/6626/16

ഗ്രാമപഞ്ചായത്തിൽ പത്താം വാർഡിൽ ഒടുങ്ങാക്കാട് മഖാം എന്ന ആരാധനാലയത്തിന്റെ കെട്ടിടം അനുമതിയില്ലാതെ പുതുക്കി നിർമ്മിക്കുന്നതിനെതിരെ ജില്ലാ കലക്ടർക്ക് ലഭിച്ച പരാതി പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകാൻ 01.08.2016 ന് എ9/9532/16 എന്ന നമ്പർ കത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വാർഡ് ക്ലാർക്ക് നടത്തിയ പരിശോധനയിൽ നാഷണൽ ഹൈവേയോട് ചേർന്ന് നടത്തുന്ന നിർമ്മാണ പ്രവർത്തനത്തിന്, പഞ്ചായത്തിൽ നിന്ന് പെർമിറ്റ് എടുത്തിട്ടില്ല എന്ന് റിപ്പോർട്ട് ചെയ്തു. അതനുസരിച്ച് അനധികൃത നിർമ്മാണം നിർത്തി വെച്ച് പൊളിച്ച് നീക്കുന്നതിന് 03.09.2018 ൽ താല്ക്കാലിക ഉത്തരവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി പുറപ്പെടുവിക്കുകയും റീസർവ്വെ 116/1 ൽ നടത്തുന്ന ഈ നിർമ്മാണം പൊളിച്ച് മാറ്റുന്നതിന് വിഷയം 22.02.2017 ൽ ചേർന്ന ഭരണസമിതിയിൽ അജണ്ട ഉൾപ്പെടുത്തിയെങ്കിലും, പ്രദേശത്ത് ക്രമസമാധാന പ്രശ്നം സൃഷ്ടിക്കും എന്ന കാരണത്താൽ അജണ്ട മാറ്റി വെയ്ക്കുകയും ചെയ്തു. 09.02.2017 ന് വാർഡ് ക്ലാർക്ക് നടത്തിയ സ്ഥല പരിശോധനയിൽ നിർമ്മാണ പ്രവർത്തനം തുടരുന്നതായി റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ, സൈറ്റിൽ നിന്ന് പ്രവർത്തിയിലേർപ്പെട്ടവരെ നീക്കം ചെയ്യാൻ താമരശ്ശേരി പോലീസിനോട് സഹായം തേടിയെങ്കിലും യാതൊരു നടപടിയും ഉണ്ടായില്ല. മേൽ വിഷയത്തിൽ വിജിലൻസ് കോഴിക്കോട് യൂനിറ്റ് നടത്തിയ ത്വരിത പരിശോധന റിപ്പോർട്ട് (QV 1/17/KKD തീ. 18.02.2017) പ്രകാരം കോഴിക്കോട് -കൊല്ലഗൽ ദേശീയപാതയോട് എൻ.എച്ച്. 212 നോട് ചേർന്ന് നടത്തുന്ന അനധികൃത പള്ളി നിർമ്മാണത്തിന്റെ വിശദാംശവും 13 അപാകതകളും കണ്ടെത്തിയിട്ടുണ്ട്. ഇതിന് 5 ശുപാർശകളും ഗ്രാമപഞ്ചായത്തിനോട് നിർദ്ദേശിച്ചിട്ടുണ്ട്.

കെട്ടിട നിർമ്മാണ ചട്ട ലംഘനം നടന്ന സാഹചര്യത്തിൽ താഴെ കൊടുത്ത അപാകതകൾ കാണുന്നു.

1. ആരാധാനാലയങ്ങളുടെ നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് ബഹു. ജില്ലാ കലക്ടറുടെ മുൻകൂർ അനുമതി ലഭ്യമാക്കേണ്ടതായിരുന്നു. കൂടാതെ ഗ്രാമപഞ്ചായത്തിൽ നിന്ന് അനുമതി ലഭ്യമാക്കാൻ അപേക്ഷ സമർപ്പിക്കേണ്ടതായിരുന്നു. കെ.ഡി.ബി.ആർ.റൂൾ 7(8), 4(1), 4(2) എന്നിവ കാണുക.

2. ദേശീയ പാതയോട് ചേർന്ന് അനധികൃതമായി നിർമ്മാണം നടത്തുന്നതായി 05.11.2016 ന് പഞ്ചായത്ത് അസി.എഞ്ചിനീയറും, വിജിലൻസ് വകുപ്പിന്റെ ത്വരിത പരിശോധനാ റിപ്പോർട്ടിലും വ്യക്തമാക്കിയതിനാൽ, കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം ആയിരം ചതുരശ്ര മീറ്ററിൽ കൂടുതൽ ഉണ്ടെങ്കിൽ ഡി.ടി.പി.യിൽ നിന്നും ലേ ഔട്ട് അനുമതി ലഭ്യമാക്കേണ്ടതായിരുന്നു. നിർമ്മാണ പ്രവർത്തനം

നാഷണൽ ഹൈവേയിൽ നിന്നും, അതിർത്തിയിൽ നിന്നും ചട്ടപ്രകാരമുള്ള അകലം പാലിച്ചിട്ടില്ല. (ഫോട്ടോ കാണുക)



മേൽ അപാകതയ്ക്ക് താഴെ കൊടുത്ത ശുപാർശകൾ പ്രകാരം നടപടി സ്വീകരിക്കേണ്ടതാണ്.

1. ദേശീയപാതയോട് ചേർന്നുള്ള പള്ളിയുടെ നിർമ്മാണം പൊളിച്ച് മാറ്റുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

2. വിജിലൻസ് നൽകിയ ത്വരിത പരിശോധനാ റിപ്പോർട്ടിലെ മേൽ അപാകതകൾ ഉൾപ്പെടെ 13 അപാകത ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. ആയത് പരിഹരിച്ചത് സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. പരാതി ലഭിക്കുമ്പോൾ മാത്രം വാർഡ് ക്ലാർക്കുമാർ പരിശോധന നടത്തി അനധികൃത കെട്ടിട നിർമ്മാണം റിപ്പോർട്ട് ചെയ്യുന്നതല്ലാതെ, സ്വന്തം നിലയ്ക്ക് ചുമതലപ്പെട്ട പ്രവൃത്തി നടത്തി ഇത്തരത്തിലുള്ള അനധികൃത നിർമ്മാണം ഉണ്ടെങ്കിൽ ആയത് റിപ്പോർട്ട് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ മേലധികാരികൾ ആവശ്യമായ നിർദ്ദേശം നൽകേണ്ടതും, അത് പാലിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

**2. <u>ചുരം റോഡിൽ അനധികൃത നിർമ്മാണം</u> – <u>(ഫയൽ എ6/6604/19)</u>**

താമരശ്ശേരി ചുരം നാലാം വളവിൽ നാഷണൽ ഹൈവേയോട് ചേർന്ന്, റോഡ് അതിർത്തിയിൽ ഗ്രാമപഞ്ചായത്തിൽ നിന്നും അനുമതിയില്ലാതെ ഇരുമ്പ് കൊണ്ട് നിർമ്മിച്ച് മുകൾ ഭാഗം മേൽക്കൂര ഷീറ്റിട്ട ഒരു കെട്ടിടം നിർമ്മിച്ച് ഹോട്ടൽ കച്ചവടം ചെയ്യുന്നതായും, ആയത് പൊളിച്ച് മാറ്റുവാനും മേൽ വിഷയത്തിൽ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ 27.08.2019 ന് ഗ്രാമപഞ്ചായത്തിൽ ഹാജരാകാനും നിർദ്ദേശിച്ച് 14.08.2019 ന് എൽദോ കുര്യാക്കോസ് എന്നയാൾക്ക് നോട്ടീസ് നൽകിയതായി കാണുന്നു. എന്നാൽ ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിച്ചതായി കാണുന്നില്ല. ഓഡിറ്റ് 09.10.2019 ന് നടത്തിയ സ്ഥല പരിശോധനയിൽ പ്രസ്തുത നിർമ്മാണം പാതയോരത്ത് ചേർന്ന് അനധികൃതമാക്കി നിർമ്മിച്ചതായിട്ട് കാണുന്നു. (ഫോട്ടോ കാണുക) ഈ അനധികൃത നിർമ്മാണം പൊളിച്ച് കളയാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.





**3. ഗ്രാമപഞ്ചായത്ത് പെർമിറ്റ് നിഷേധിച്ചെങ്കിലും കെട്ടിടനിർമ്മാണം പ്രവർത്തനം നടത്തുന്നു. (ഫയൽ എ6/79/04.01.2016)**

ശ്രീ.ഫൈസൽ (കുട്ട്യാമു മകൻ), പയണ വീട്, മുക്കം.പി.ഒ എന്നയാൾ പുതുപ്പാടി വില്ലേജിൽ റീ സർവേ 105/1- ൽ പെട്ട പത്ത് സെന്റ് സ്ഥലത്ത് ഒരു വാണിജ്യ കെട്ടിടവും അതിന് മുകളിലായി ലോഡ്ജിന് ഹൗസും നിർമ്മിക്കുന്നതിന് മേൽ ഫയൽ പ്രകാരം അനുമതിയ്ക്കായി അപേക്ഷിച്ചു. ഗ്രാമപഞ്ചായത്ത് അസി. എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം ഫയലിൽ പാർക്കിംഗ് പ്ലാൻ, ഫയർ എൻ.ഒ.സി. എന്നിവ ഇല്ലാത്തതിനാൽ അപേക്ഷ നിരസിക്കാവുന്നതാണെന്ന് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 12.04.2016 ന് അപേക്ഷ നിരസിച്ചു. (നോട്ട് ഫയൽ കാണുക)

09.10.2019 ന് ഓഡിറ്റ് നടത്തിയ സ്ഥല പരിശോധനയിൽ പ്രസ്തുത സ്ഥലത്ത് ഉടമസ്ഥൻ കെട്ടിട നിർമ്മാണം പെർമിറ്റ് ഇല്ലാതെ നടത്തുന്നതായും, ഒന്നാം നില വാർപ്പും, രണ്ടാം നില ലിന്റൽ ഉയരത്തിൽ പ്രവൃത്തി പൂർത്തിയാക്കിയതായും കാണുന്നു. (ഫോട്ടോ കാണുക). ഇത് വാർഡ് ക്ലാർക്ക് റിപ്പോർട്ട് ചെയ്തതായി കാണുന്നില്ല.



പെർമിറ്റ് നിരസിച്ച ഫയലിലെ പ്ലാൻ പ്രകാരമാണ് കെട്ടിടനിർമ്മാണം നടക്കുന്നത് എന്ന് വ്യക്തമാകുന്നു. ഫയൽ പ്രകാരം 10 സെന്റ് (404.70ച.മീറ്റർ) സ്ഥലത്താണ് ആണ് നിർമ്മാണം നടത്തുന്നത്. പ്ലാനിൽ താഴെ കൊടുത്ത വിശദാംശം ആണ് കെട്ടിടനിർമ്മാണത്തെപ്പറ്റിയുള്ളത്.

<u>പ്ലിന്ത് ഏരിയ</u>

ഗ്രൗണ്ട് ഫ്ലോർ - 202.54 ച.മീ.

ഒന്നാം നില - 251.53

രണ്ടാം നില - <u>251.53</u>

<u>ആകെ - 705.60</u>

പുതുപ്പാടി ഗ്രാമപഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടത്തിലെ അനുബന്ധം പ്രകാരം കാറ്റഗറി 2 ൽ പെടുന്ന പഞ്ചായത്താണ്. ജി.ഒ. 81/017 തസ്വഭവ. തീ. 31.10.2017 ലെ ഉത്തരവ് പ്രകാരം ലോഡ്ജിംഗ്

ഹൗസുകൾക്ക് അനുവദിയ്ക്കാവുന്ന പരാമവധി കവറേജ് 55, എഫ്.എ.ആർ.1.5 ഫൈനോടുകൂടി 2.25, വാണിജ്യസ്ഥാപനത്തിനാകട്ടേ അത് യഥാക്രമം60, 2.75 ആണ്. എന്നാൽ വാണിജ്യസ്ഥാപനവും ലോഡ്ജിംഗും ഒരുമിച്ചുള്ള പ്ലാനിൽ, പ്ലോട്ട് 0.5 ഹെക്ടറിൽ കുറവ് വിസ്തീർണ്ണമുള്ളതാണെങ്കിൽ തറ വിസ്തീർണ്ണാനുപാതവും, കവറേജും ഏറ്റവും നിയന്ത്രിത കൈവശാവകാശ ഗണത്തിന്റേതായിരിക്കും. ഇവിടെ സ്ഥലം 10 സെന്റ് ആയതിനാൽ, പരമാവധി എഫ്.എ.ആർ 1.5, കവറേജ് 55 എന്നിവയാണ്. പക്ഷെ ഫയലിലെ പ്ലാൻ, കെട്ടിട നിർമ്മാണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ (ഒന്നാം നില പൂർത്തിയാക്കി) എന്നിവ പരിഗണിക്കുമ്പോൾ 251.53 ച.മീറ്ററിൽ പ്രവൃത്തി ചെയ്തതിനാൽ കവറേജ് താഴെ കൊടുത്ത പ്രകാരമാണ്.

251.53 + 100 = 62.15

404.7

ഇവിടെ അനുവദനീയമായ കവറേജ് 55 ആയതിനാൽ കൂടുതൽ നിർമ്മിച്ച 28.95 ച.മീറ്റർ പൊളിച്ച് കളയാൻ നിർദ്ദേശിക്കേണ്ടതാണ്. (251.53_-55 x 404.7 = 28.95) കൂടാതെ അധിക ഫീയോടു കൂടി

100

എഫ്.എ.ആർ. (ഒരു ച.മീറ്ററിന് 5000 രൂപ നിരക്കിൽ ) 1.7435 ന് കണക്കാക്കേണ്ട വിധം താഴെ കൊടുക്കുന്നു.

അധിക എഫ്.എ.ആർ : 1.7435 -1.5= 0.2435

0.2435 പ്രകാരം അധികം നിർമ്മിച്ച ച.മീറ്റർ : 0.2435 x 404.7 = 98.54 ച.മീ.

അധിക ഫീ. : 98.54 x 5000 = 492700/-

കെട്ടിടനിർമ്മാണം റഗുലറൈസ് ചെയ്യുമ്പോൾ അധിക ഫീ ചുമത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

**4. കെട്ടിട നിർമ്മാണം പൂർത്തിയാക്കിയതിന് ശേഷം പഞ്ചായത്ത് അറിയാതെ (പെർമിറ്റ് ഇല്ലാതെ) നിർമ്മാണം നടത്തുന്നു.**

അബ്ദുൾ ജലീൽ, തലയിൽ വീട് എന്നയാൾക്ക് 429/015-016 പ്രകാരം കെട്ടിട നിർമ്മാണ അനുമതി നൽകുകയും, ഇതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം പൂർത്തിയാക്കി, കംപ്ലീഷൻ പ്ലാൻ സമർപ്പിച്ച് 18/1490 T മുതൽ 1490 AA വരെ നമ്പർ ചുമത്തി നികുതി ഈടാക്കുകയും ചെയ്തു. ഗ്രൗണ്ട് ഫ്ലോറിൽ 4 വീടും ഒന്നാം നിലയിൽ 4 വീടും ഉൾപ്പെടെ 8 ലോഡ്ജിംഗ് ഹൗസ് ആണ് ടിയാൻ നിർമ്മിച്ചത്. എന്നാൽ ഒന്നാം നിലയ്ക്ക് മുകളിൽ ട്രസ്സ് വർക്ക് ചെയ്ത് രണ്ടാം നില താമസയോഗ്യമാവുന്ന തരത്തിൽ നിർമ്മാണം പ്രവർത്തനം ചെയ്തതായി കാണുന്നു. (ഫോട്ടോ കാണുക). ഇത്തരത്തിൽ ഗ്രാമപഞ്ചായത്ത് അറിയാതെ നിർമ്മാണ പ്രവർത്തനം നടത്തിയത് ശരിയായ നടപടിയല്ല. കൂടാതെ വാർഡ് ക്ലാർക്ക് അനധികൃത നിർമ്മാണം റിപ്പോർട്ട് ചെയ്യാത്തത് ശരിയായ നടപടിയല്ല. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്വീകരിച്ച നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.



# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1

ഇല്ല.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 9.07.2019 മുതൽ 10.07.2019 വരെ | കെ.എസ്.എ.കെ.കെ.ഡി/ഇ2യ887/ 2019(57) തീയതി.03-08-2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട്

# വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | | 3340000 | ലൈഫ് മിഷൻ ജനറൽ | 3340000 | 0 |
| | | 1140000 | ലൈഫ് മിഷൻ പട്ടികജാതി | 800000 | 340000 |
| | 25/10/2018 | 750000 | പാലിന് സബ്സിഡി | 750000 | 0 |
| | 22/3/2019 | 375918 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 362000 | 13918 |
| ജില്ലാ പഞ്ചായത്ത് | | 7000000 | പാലിന് സബ്സിഡി | 7000000 | 0 |
| | 12/10/2018 | 250000 | ക്ഷീര ഗ്രാമം പദ്ധതി | 250000 | 0 |
| | | 1489652 | ലൈഫ് മിഷൻ ജനറൽ | 1480000 | 9652 |
| | | 608122 | ലൈഫ് മിഷൻ പട്ടികജാതി | 600000 | 8122 |
| | 22/3/2019 | 1000000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 999829 | 171 |
| | | 96774 | ഭവനം പട്ടിക വർഗ്ഗം | 0 | 96774 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം/ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ളതുക |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | കനലാട് അംഗൻവാടി കുഴൽകിണർ ഫീസിബിലിറ്റി | 2470 | 2470 | 2470 | 0 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | കനലാട് അംഗൻവാടി കുഴൽകിണർ ഫീസിബിലിറ്റി ലഭ്യമാക്കുന്നത് സംമ്പന്ധിച്ച് | 2018/19 | 12250 | 12250 | 0 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻ വർഷം എടുത്തവായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി യുള്ളതുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന പദ്ധതി 2018-19 | സ.ഉ 27/19 തീ.22/02/2019 | 7529289 | | 0 | 0 | 7529289 |
| കാരുണ്യഭവന പദ്ധതി 2018-19 | 7656/ഡി, ബി.1/ 14 തസ്വഭവ | 0 | 13220791 | 1036990 | 1718703 | 12389462 |
| 2017-18 | | | 15006901 | 3825000 | -- | 13220791 |

പഞ്ചായത്തിലെ ലോൺ രജിസ്റ്റർ കൃത്യമായി എഴുതി തയ്യാറാക്കിയിട്ടില്ല. ബാങ്കിലെ ലോൺ

അക്കൗണ്ട് സ്റ്റേറ്റ്മെന്റിനെ അടിസ്ഥാനമാക്കിയാണ് രജിസ്റ്റർ എഴുതിയിരിക്കുന്നത്. തൻവർഷം തിരിച്ചടച്ച തുക, ബാങ്കിൽ വരവു വച്ചതിനു ശേഷം വിവിധ മാസങ്ങളിൽ ഡ്യൂ ആകുന്ന പലിശയുൾപ്പടെയാണ് വർഷാവസാനം തിരിച്ചടയ്ക്കാനുള്ള തുക കണക്കാക്കിയത്. വിശദാംശങ്ങൾക്ക് ഖണ്ഡിക 1-30 കാണുക.

# 4-6 സ്ഥിരനിക്ഷേപങ്ങൾ

**ഇല്ല.**

# 4-7 ഓഡിറ്റ് റിക്കവറി

**ഇല്ല.**

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 46 | 2003-04 | 11.13.2.6 | വ്യവസായ എസ്റ്റേറ്റുകൾ പ്രയോജനപ്പെട്ടില്ല | തടസ്സം തുടരുന്നു |
| 2001-02 | 29 | 2003-04 | 11.13.7.17 | നികുതി പിരിവിൽ അലംഭാവം | തടസ്സം തുടരുന്നു |
| 2001-02 | | 2003-04 | 11.4 | മരാമത്ത് പ്രവൃത്തി സെന്റ് കോളനി സാംസ്കാരിക നിലയം | തടസ്സം തുടരുന്നു |
| 2001-02 | | 2004-05 | 11.1.3.6 | നികുതി പിരിവിൽ അലംഭാവം | തടസ്സം തുടരുന്നു |
| 2015-16 | 2-14 | 2016-17 | 4.2.1 | പുറമ്പോക്കുകൾ – സംരക്ഷണവുമായി ബന്ധപ്പെട്ട് | തടസ്സം തുടരുന്നു |
| 2015-16 | 2-7 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി-അപാകതകൾ | തടസ്സം തുടരുന്നു |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

**(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 14,07,81,522 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 11,29,07,947 |
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,579 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 16,52,819 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| | | |
|---|---|---|
| 3-1 | 1579 | ശ്രീമതി.ജമീല<br>ICDS സൂപ്പർവൈസർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 68660 | ശ്രീ.സുരേഷ്കുമാർ.കെ<br>സെക്രട്ടറി |
| 1-18 | 546839 | ICDS സൂപ്പർവൈസർ |
| 1-21 | 100000 | ശ്രീ.സുരേഷ്കുമാർ.കെ<br>സെക്രട്ടറി. |
| 1-32 | 900000 | അബ്ദുറഹിമാൻ |

| | | |
|---|---|---|
| | | ഹെഡ്മാസ്റ്റർ |
| 1-34 | 37320 | ശ്രീ.സുരേഷ്കുമാർ.കെ<br>സെക്രട്ടറി |
| | 16,52,819 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല.

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

<u>ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും</u>

ഇല്ല

(എഫ്) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സപ്പെടുത്തിയതിന് ഉത്തരവാദികളായവരുടെ പേരുവിവരം</u>

ഇല്ല

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡികകളുടെ വിശദാംശങ്ങൾ |
|---|---|---|---|
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി1/ 1911/12/ 11.02.13 | 4 | 3-1, 3-6, 3-8, 3-9 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി1/ 1911/12(1) / 11.02.13 | 3 | 3-7, 3-8, 3-11 |
| 2004- | എൽ.എഫ്.കെ.കെ.ഡി.പി1/ | 10 | 1-1, 2-5, 3-1, 3-4, |

| | | | |
|---|---|---|---|
| 05 | 1911/12/ 11.02.13 | | 3-6, 3-9, 3-10,<br>3-11, 3-12 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി1/<br>144/10/ 31.03.10 | 33 | 1-c, 1-d, 2-1,2-2, 2-5,2-6, 2-7, 2-8,<br>2-9, 2-10, 2-13, 3-1, 3-2,<br>3-3, 3-4, 3-5, 3-6, 3-7, 3-8, 3-11,<br>3-12, 3-13,<br>3-14, 3-17, 3-18, 3-19, 3-22, 3-24,<br>3-25, 3-27, 3-28, 4-1, 4-5 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി1/<br>1933/11(2) / 05.12.12 | 31 | 1-4, 1-5, 1-7, 2-1,<br>2-2, 2-3, 2-4, 2-5,<br>2-7, 2-8, 2-9, 2-10, 3-2, 3-3, 3-4,<br>3-5, 3-6,3-7, 3-8, 3-9, 3-11, 3-14,<br>3-15,<br>3-16, 3-18, 3-19,<br>3-20, 3-22, 3-23,<br>4-6, 4-7 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി1/<br>623/14/ 11.06.14 | 6 | 1-1, 3-2, 3-3,<br>4-3, 4-5, 4-7 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി1/<br>624/14/ 11.06.14 | 18 | 1-1, 1-2, 2-2, 3-1, 3-2, 3-3, 3-4, 3-5, 3-7, 3-8,<br>3-10, 3-12, 3-13, 3-17, 4-3, 4-4, 4-5, 4-7 |
| 2011-12<br>&<br>2012-13 | കെഎസ്എ കെകെഡി.പി8/<br>2478/17/ 27.08.2017 | 21 | 2-1, 3-1, 3-2(A),<br>3-3, 3-4, 3-5,3-8, 3-10, 3-11, 3-13,<br>3-14, 3-15, 3-17,<br>3-19, 3-20, 3-21,<br>3-22, 3-23, 3-24,<br>3-25, 3-26, 3-27 |
| 2013-14<br>&<br>2014-15 | കെഎസ്എ കെകെഡി.പി8/<br>2418/17/ 18.01.2018 | 10 | 3-1, 3-5, 3-7,<br>3-10, 3-11, 3-12, 3-14,<br>3-15, 3-16, 3-17 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി.1/<br>2048/17/ 08.11.2017 | 30 | 2-1, 2-2, 2-3, 2-4,<br>2-5, 2-8, 2-9, 2-10,<br>2-11, 2-12, 2-13,<br>2-14, 3-2, 3-5, 3-6, 3-7, 3-8, 3-11,<br>3-12,<br>3-13, 3-14, 3-16,<br>3-18, 3-19, 3-20,<br>3-21, 3-22, 3-25,<br>3-26, 4-9 |
| 2016-17 | കെഎസ്എ<br>കെകെഡി.പി8/85/18/ | 14 | 2-1, 2-2, 2-3(2),<br>2-4,2-5, 3-1, 3-3, |

| | | | |
|---|---|---|---|
| | 29.02.2018 | | 3-5, 3-6, 3-7,<br>3-12, 3-14, 3-16 |
| 2017-18 | കെഎസ്എ<br>കെകെഡി.പി8/77/19/<br>07.02.2019 | 16 | 2-2, 2-3(1) (2), 2-4, 2-4(2), 2-5(2), 3-2, 3-5(1) (2), 3-6, 3-8, 3-10, 3-11(1), 3-12, 3-13, 3-14, |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
കോഴിക്കോട്

# അനുബന്ധം-1

**ഓഡിറ്റ് സാക്ഷ്യപത്രം**

നം.കെ.എസ്.എ.കെ.കെ.ഡി.പി2/1738/2019 തീയതി:06.11.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ (ഖണ്ഡിക 1-9 കാണുക) ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കോരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്